# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടകരപ്പതി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ (പികെഡി) പി11-1512/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 04/11/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടകരപ്പതി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ (പികെഡി) പി11-1512/2023 തീയ്യതി: 04/11/2023

## പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-12-2022 മുതൽ 03-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാം മനോഹർ വി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 04-09-2023 | 14-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-09-2023 | 14-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുജാത.പി. ഓഡിറ്റ് ഓഫീസർ
പത്മകുമാർ.സി.എൽ. സീനിയർ ഗ്രേഡ് ഓഡിറ്റർ
താരിഖ്.എം.എസ്. സീനിയർ ഗ്രേഡ് ഓഡിറ്റർ
സന്ദീപ്.കെ.വി. ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.ജോസി ബ്രിട്ടോ.ഡി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.രഘുനാഥൻ.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 07-04-2022 |
| ശ്രീ.വിനോദ്കുമാർ.വി | സെക്രട്ടറി | 08-04-2022 | 03-09-2022 |
| തസ്തിക ഒഴിവ് | സെക്രട്ടറി | 04-09-2022 | 09-09-2022 |
| ശ്രീ.രഘുനാഥൻ.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-09-2022 | 09-10-2022 |
| ശ്രീ.ഗോപകുമാർ.കെ | സെക്രട്ടറി | 10-10-2022 | 17-11-2022 |
| ശ്രീ.അമൽ മാർട്ടിൻ ആന്റണി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-11-2022 | 01-12-2022 |
| ശ്രീ.ഗോപകുമാർ.കെ. | സെക്രട്ടറി | 02-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രഘുനാഥൻ.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 18-10-2022 |
| തസ്തിക ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 19-10-2022 | 06-11-2022 |
| ശ്രീ.അമൽ മാർട്ടിൻ ആന്റണി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 07-11-2022 | 31-03-2023 |
| ശ്രീ.പ്രഭുറാം.എസ്. | വി.ഇ.ഒ.I | 01-04-2022 | 31-03-2023 |
| ശ്രീ.കൃഷ്ണദാസ് | വി.ഇ.ഒ.II | 01-04-2022 | 15-09-2022 |
| ശ്രീ.മൂർത്തി.എ. | വി.ഇ.ഒ.II | 16-09-2022 | 31-03-2023 |
| ഡോ.ബർദീസ.കെ.വി. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 08-06-2022 |
| ഡോ.ഫാത്തിമറഹന.എം. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 09-06-2022 | 05-09-2022 |
| ഡോ.ഷാനിബ.വി.പി. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 06-09-2022 | 19-10-2022 |
| ഡോ.സീമ.എം.ചന്ദ്രൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 20-10-2022 | 27-02-2023 |
| ഡോ.ഫാത്തിമറഹന.എം. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 28-02-2023 | 31-03-2023 |
| ശ്രീമതി.ഹീര.ടി.എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ഫ്രാൻസിസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| അർപുതദാസ്.ആർ. | | | |
| ഡോ.ആൻസി സാമുവൽ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2022 | 31-03-2023 |
| ശ്രീ.രാമനാരായണൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.സുജാത.എം. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഗ്രേസ് ആന്റോ റജീന സെലിൻ | പ്രധാന അദ്ധ്യാപിക | 01-04-2022 | 31-03-2023 |
| ശ്രീമതി.അണിമ സുഭാഷ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 05-09-2022 |
| ശ്രീ.സൈനുലാബ്ദീൻ.എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 06-09-2022 | 16-11-2022 |
| തസ്തിക ഒഴിവ് | അസിസ്റ്റന്റ് എഞ്ചിനീയർ | 17-11-2022 | 21-11-2022 |
| ശ്രീ.സേതു.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 22-11-2022 | 31-03-2023 |
| ശ്രീമതി ഷെറിൻ ലിൻസി.എ. | കൃഷി ഓഫീസർ | 01-04-2022 | 18-04-2022 |
| ശ്രീമതി ജെസ്സി.എ. | കൃഷി ഓഫീസർ(ചാർജ്) | 19-04-2022 | 25-07-2022 |
| ശ്രീ അജയ്കുമാർ.ബി. | കൃഷി ഓഫീസർ | 26-07-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | KWA യിൽ ഡെപ്പോസിറ്റ് തുക ക്രമീകരിക്കാതെ തുടരുന്നു | 1-1-2 |
| 4 | നിക്ഷേപ പ്രവൃത്തികൾ -ചെലവ് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തിയതിനാൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല | 1-1-3 |
| 5 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് | 1-1-4 |
| 6 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - അപാകതകൾ | 1-1-5 |
| 7 | B-4 ലെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബാങ്ക് അക്കൗണ്ടുമായി ടെയ്സ് ചെയ്യാൻ സാധിക്കുന്നില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമപദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | വസ്തു നികുതി പരിശോധനയിലെ കണ്ടെത്തലുകൾ | 1-11 |
| 18 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക | 1-11-1 |
| 19 | വസ്തു നികുതി - റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല | 1-11-2 |
| 20 | അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-11-3 |
| 21 | വാടകരപ്പതി പഞ്ചായത്തിലെ തിയേറ്ററിന്റെ ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ | 1-12 |
| 22 | ഉദ്യം രജിസ്ട്രേഷൻ എടുക്കാതെ എം.എസ്.എം.ഇ കൾ പ്രവർത്തിക്കുന്നു | 1-13 |
| 23 | 2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ | 1-14 |
| 24 | സെക്രട്ടറിക്ക് നൽകിയ Festival Advance തിരിച്ച് അടച്ചിട്ടില്ല | 1-15 |

| | | |
|---|---|---|
| 25 | ഹരിതമിത്രം സ്മാർട്ട് ഗാർബേജ് പദ്ധതി - പ്രവർത്തന പുരോഗതി അറിയിക്കേണ്ടതാണ് | 1-16 |
| 26 | അങ്കണവാടി നിർമ്മാണത്തിനായി തുക നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-17 |
| 27 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-18 |
| 28 | എസ്.എസ്.എ വിഹിതം അടവാക്കൽ - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-19 |
| 29 | ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 1-20 |
| 30 | ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു | 1-20-1 |
| 31 | വയോജനങ്ങൽക്ക് കട്ടിൽ- KADCOയിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങി | 1-20-2 |
| 32 | ICDS കേന്ദ്ര ഫണ്ട് നിഷ്ക്രിയമായി തുടരുന്നു | 1-21 |
| 33 | സ്കൂളുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ, പ്രിന്റർ വാങ്ങൽ - ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു | 1-22 |
| 34 | എ.ബി.സി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-23 |
| 35 | ലൈഫ് ഭവന പദ്ധതി-നിർമ്മാണം പൂർത്തീകരിച്ചില്ല | 1-24 |
| 36 | ഹരിതകർമ്മസേനയുടെ പ്രവർത്തനം -അവലോകനം | 1-25 |
| 37 | റോഡ് കണക്ടിവിറ്റി മാപ്പിംഗ് -പൂർത്തിയാക്കേണ്ടതാണ് | 1-26 |
| 38 | മേനോൻപാറ പുതിയ അങ്കണവാടി -പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-27 |
| 39 | റോഡ് ടാറിംഗ് പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 1-28 |
| 40 | ടേക്ക് എ ബ്രേക്ക് കേന്ദ്രം -പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-29 |
| 41 | എ.ഇ. ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ -ഇൻകം ടാക്സ് ഈടാക്കിയില്ല | 1-30 |
| 42 | മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | റോഡ് ടാറിംഗ് പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം | |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക-പത്രികകൾ-സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1(1)/26-07-2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 27-07-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തിയതി: -04-11-2023

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 KWA യിൽ ഡെപ്പോസിറ്റ് തുക ക്രമീകരിക്കാതെ തുടരുന്നു

KWA യിൽ ഡെപ്പോസിറ്റ് തുക 4741000രൂപ ക്രമീകരിക്കുന്നതിന് മുൻ വർഷങ്ങളിൽ ആവശ്യപ്പെട്ടെങ്കിലും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18ൽ തുക ക്രമീകരിക്കാതെ തുടരുന്നു.

### 1-1-3 നിക്ഷേപ പ്രവൃത്തികൾ -ചെലവ് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തിയതിനാൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല

വിവിധ ഇലക്ട്രിസിറ്റി ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികൾക്കായി തൻവർഷം സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ട് നം: 1, 259 എന്നിവ പ്രകാരം കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ 1915932/- രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുവാനുണ്ട്. എന്നാൽ ടി തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B18 ൽ മുൻവർഷത്തെ നീക്കിയിരിപ്പായ 1168790 രൂപ മാത്രമാണ് ഈ വർഷവും നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.

### 1-1-4 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1) എം.എസ്.എം.ഇ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
2) UA രജിസ്റ്റർ അപൂർണമാണ്, ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്താൻ സാധിച്ചില്ല.

### 1-1-5 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - അപാകതകൾ

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -165494.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6286584.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-6 B-4 ലെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബാങ്ക് അക്കൗണ്ടുമായി ടെയ്സ് ചെയ്യാൻ സാധിക്കുന്നില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ B-17 ലെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി ടെയ്സ് ചെയ്യാൻ സാധിക്കുന്നില്ല.

### 1-2 ബജറ്റ്

സ.ഉ (സാധാ) നം. 3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ', 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 175, 214 എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കൽ സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്.
30.03.2022ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം 1 പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.
21.03.2023ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം 1 പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 16263517 |

| | |
|---|---|
| തൻവർഷം വരവ് | 280065600 |
| ആകെ വരവ് | 296329117 |
| ചെലവ് | 277327500 |
| നീക്കിയിരിപ്പ് | 19001617 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15569406 |
| വരവ് | 45500677 |
| ആകെ | 61070083 |
| ചെലവ് | 45666171 |
| നീക്കിയിരിപ്പ് | 15403912 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ* | 0 | 32659140 | 32659140 | 28752455 | 3906685 |
| വികസനഫണ്ട് എസ്.സി.പി | 0 | 4075000 | 4075000 | 3663039 | 411961 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 2656000 | 2656000 | 2423736 | 232264 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 9306000 | 9306000 | 6954297 | 2351703 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 10020000 | 10020000 | 8406690 | 1613310 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്)-ബാങ്ക് | 1467990 | 4290153 (പലിശ ഉൾപ്പെടെ) | 5758143 | 4842920** | 915223 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്)-ബാങ്ക് | 2926820 | 6075000 | 9001820 | 7865775 | 1136045 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് ഗ്രാന്റ്- (സ്പിൽ ഓവർ)- ട്രഷറി | 0 | 2417471 | 2417471 | 642602** | 1774869 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- (സ്പിൽ ഓവർ)- ട്രഷറി | 0 | 4786151 | 4786151 | 1860043 | 2926108 |

*വികസന ഫണ്ട് (ജനറൽ) ACR പ്രകാരം ചെലവ് ₹22800299. AFS പ്രകാരം ചെലവ് ₹28752455. വ്യത്യാസം (ACR -22800299+₹199934(Q-bill)+ 6152090( (G.O.Project)

***സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്)+ അൺടൈഡ് സ്പിൽ ഓവർ ട്രഷറി യിലെ ചെലവു തുകയാണ് AFSൽ 5485522 (I-6+B3) ഉള്ളത്.

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) -ൽ ₹240153/- പലിശ കൂടി ഉൾപ്പെട്ടിട്ടുണ്ട്.

<u>കേന്ദ്രാവിഷ്കൃതം</u>

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വ മിഷൻ ഗ്രാന്റ് | 316802 | 0 | 316802 | 316802 | 0 |
| ശുചിത്വ മിഷൻ (Solid Waste Management) | 116021 | 0 | 116021 | 0 | 116021 |
| ശുചിത്വ മിഷൻ | 170000 | 1287050 | 1457050 | 1457050 | 0 |
| ICDS | 1209163 | 1725562 | 2934725 | 1250000 | 1684725 |
| Health Grant -Grant For Specific Purposes- Health Grant Towards Conversion Of PHCs And Subcentres Into Health And | 0 | 187641 | 187641 | 53373 | 134268 |

| | | | | | |
|---|---|---|---|---|---|
| Wellness Centres | | | | | |
| Health Grant Towards Support For Diagnostic Infrastructure To The PHCs | 0 | 325593 | 325593 | 238216 | 87377 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2358 | 1976234 | 1978592 | 1972696 | 5896 |
| എം.എൻ.ആർ. ഇ.ജി. എസ്- തൊഴിലാളി കളുടെ വേതനം | 0 | 41076345 | 41076345 | 41076345 | 0 |
| ആകെ | 2358 | 43052579 | 43054937 | 43049041 | 5896 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 380000 | 0 | 380000 | 0 | 380000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 203 | 121095775 | 176 | 76667339 | --- | 27 | 86.7 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 9703016 | 6828421 | 70.37 |
| വി.ഇ.ഒ.-I | 8 | 7 | 33940951 | 12339580 | 36.36 |
| വി.ഇ.ഒ.-II | 7 | 7 | 3599597 | 2827925 | 78.56 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 13 | 7571330 | 6675869 | 88.17 |
| സെക്രട്ടറി | 43 | 36 | 21076164 | 15010895 | 71.22 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 90 | 71 | 34153776 | 22648296 | 66.31 |
| മെഡിക്കൽ ഓഫീസർ-PHC | 13 | 13 | 3701940 | 3243493 | 87.62 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 850000 | 811121 | 95.43 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 944000 | 942490 | 99.84 |
| പ്രധാന അധ്യാപകൻ | 8 | 8 | 3186054 | 3059861 | 96.04 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1500000 | 1500000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 7 | 868947 | 779388 | 89.69 |
| ആകെ | 203 | 176 | 121095775 | 76667339 | 63.31 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2358 | 1976234 | 1978592 | 1972696 | 5896 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 41076345 | 41076345 | 41076345 | 0 |
| ആകെ | 2358 | 43052579 | 43054937 | 43049041 | 5896 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | വാർഷിക കണക്ക് പ്രകാരം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| | | ചെലവ് രേഖപ്പെടുത്തിയ തുക | |
| 1 | കർഷക തൊഴിലാളി പെൻഷൻ | 1784400 | 172 |
| 2 | വിധവാ പെൻഷൻ | 14500600 | 1432 |
| 3 | വാർദ്ധക്യകാല പെൻഷൻ | 25069200 | 2469 |
| 4 | വികലാംഗ പെൻഷൻ | 3650600 | 348 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1049400 | 104 |
| 6 | തൊഴിലില്ലായ്മ വേതനം | 3600 | 5 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04-9-2023 ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി. 92958/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ ILGMS സംവിധാനത്തിലൂടെയാണ് തൻവർഷം മുതൽ ഫയലുകൾ കൈകാര്യം ചെയ്യുന്നത്.

ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ 2023 ഫെബ്രുവരി പ്രാബല്യത്തിൽ പുതുക്കിയിട്ടുണ്ട്.

പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ 2010-11 മുതൽ 2014-15 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടിലെ ഭാഗം IIബി യിലെ I-1,2,3,5,7,8, ഭാഗം IVലെ 4,6 എന്നീ ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നു.

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ ഓഡിറ്റ് 9/2022, 10/2022, 11/2022, 12/2022 എന്നീ മാസങ്ങളിലെ 13.1.2023 തിയതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്. അതിൻപ്രകാരം 4/2020 മുതൽ 10/2022 വരെ 94 ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നു.

## 1-11 വസ്തു നികുതി പരിശോധനയിലെ കണ്ടെത്തലുകൾ

വസ്തു നികുതി പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

## 1-11-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 11 മൊബൈൽ ടവറുകളിൽ ഒരെണ്ണത്തിന്റെ വസ്തു നികുതിയാണ് കുടിശ്ശികയായുള്ളത്. വിവരം താഴെ കൊടുക്കുന്നു.

| വാർഡ്/ കെട്ടിട നം. | അപേക്ഷകൻ/ഉടമസ്ഥൻ | കുടിശ്ശിക തുക | കുടിശ്ശിക വർഷം |
|---|---|---|---|
| 4/76 | റിലയൻസ് ഇൻഫ്ര ടെൽ ലിമിറ്റഡ് | 18980 | 2021 രണ്ടാം അർദ്ധവർഷം മുതൽ 2023 രണ്ടാമത്തെ അർദ്ധവർഷം വരെ |

കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുവാനായി ഓഡിറ്റ് അന്വേഷണം (നം.8/11.09.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.
കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-11-2 വസ്തു നികുതി - റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു. 14.01.2011 ലെ സ.ഉ(അ) നം. 19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപന പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രാബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപന പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേ എന്ന ഉപയോഗക്രമം കൂടി കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിട്ടുണ്ട്. (കുറഞ്ഞ നിരക്ക് 10 രൂപ- കൂടിയ നിരക്ക് 25 രൂപ)

| ക്രമ നം | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

ഓഡിറ്റ് അന്വേഷണം നം. 08/11-9-23 ന് ലഭ്യമാക്കിയ മറുപടിയിൽ റസിഡൻഷ്യൽ ഹോംസ്റ്റേയുടെ വസ്തു നികുതി നിരക്കുകൾ ഭരണസമിതി മുൻപാകെ ചർച്ചചെയ്ത് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റിന് അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ വിവരം അറിയിക്കേണ്ടതാണ്.

## 1-11-3 അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട

നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ച് മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു എ' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിടനമ്പർ അനുവദിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ല്യു വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ച് മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഏതാനും ഉദാഹരണങ്ങൾ ചുവടെ നൽകുന്നു. സഞ്ചയ സോഫ്റ്റ്‌വെയർ, അനധികൃത കെട്ടിടനിർമ്മാണ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ സഞ്ചയ പ്രകാരം | അപേക്ഷകന്റെ പേര് | വിസ്തീർണ്ണം (ച.മീ) | ഉപയോഗക്രമം |
|---|---|---|---|---|
| 1 | 6/3 UA | തിലകവതി | 24 | പാർപ്പിടാവശ്യം |
| 2 | 6/4 UA | തങ്കവേൽ | 18 | പാർപ്പിടാവശ്യം |
| 3 | 7/1 UA | രവി | 15 | പാർപ്പിടാവശ്യം |
| 4 | 7/12 UA | ലക്ഷ്മി | 20 | പാർപ്പിടാവശ്യം |
| 5 | 7/15 UA | അംബിക | 20 | പാർപ്പിടാവശ്യം |
| 6 | 16/33 UA | കണ്ണൻ | 47 | പാർപ്പിടാവശ്യം |
| 7 | 16/40 UA | ഷൌക്കത്തലി | 35 | പാർപ്പിടാവശ്യം |
| 8 | 17/11 UA | റോസമ്മാൾ | 30 | പാർപ്പിടാവശ്യം |

ഗ്രാമപഞ്ചായത്ത് പരിധിയിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്ററിൽ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നാൾ ഇതു വരെ കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി കാണുന്നില്ല.
ഓഡിറ്റ് അന്വേഷണം നം. 08/11-9-23 ന് മറുപടിയിൽ പഞ്ചായത്ത് ഭരണസമിതിയെ അറിയിച്ച് നികുതി ചുമത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ വിവരം അറിയിക്കേണ്ടതാണ്.

## 1-12 വാടകരപ്പതി പഞ്ചായത്തിലെ തിയേറ്ററിന്റെ ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ

1961 ലെ Kerala Local Authorities Entertainments Tax Act ലെ സെക്ഷൻ 3 പ്രകാരം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനോദത്തിനായുള്ള ടിക്കറ്റിന്മേൽ നിശ്ചിത നിരക്കിൽ വിനോദ നികുതി ഈടാക്കുന്നതിനുള്ള അധികാരം നൽകുന്നുണ്ട്. ജി.എസ്.ടി നിലവിൽ വന്നതോടെ തിയറ്ററുകളിൽ നിന്നുള്ള വിനോദ നികുതി ഈടാക്കേണ്ടതില്ലെന്ന് സംസ്ഥാന സർക്കാർ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ജി.എസ്.ടി നിരക്ക് 28% ൽ നിന്നും 18% ആയി കേന്ദ്ര

സർക്കാർ കുറവു ചെയ്തതിനെത്തുടർന്ന് സിനിമാ ടിക്കറ്റിന്മേൽ വീണ്ടും വിനോദ നികുതി ഏർപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ തീരുമാനമെടുക്കുകയും 1961 ലെ Kerala Local Authorities Entertainments Tax Act ൽ ഭേദഗതി വരുത്തുകയും ചെയ്തു. 2019-ലെ കേരള ധനകാര്യ നിയമത്തിലെ (Kerala Finance Act, 2019) വകുപ്പ് 6 പ്രകാരമാണ് 1961 ലെ Kerala Local Authorities Entertainments Tax Act ലെ വകുപ്പ് 3 ൽ ഭേദഗതി വരുത്തിയിട്ടുള്ളത്. ഇതോടെ ഓരോ സിനിമാ ടിക്കറ്റിന്മേലും 10% ൽ അധികരിക്കാതെ വിനോദ നികുതി ഈടാക്കാവുന്നതാണെന്നുള്ള നിയമ വ്യവസ്ഥ നിലവിൽ വന്നു.

സ.ഉ(കൈ)നം.63/2019/തസ്വഭവ തിയതി 10-06-2019 പ്രകാരം 10-06-2019 മുതൽ സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഈടാക്കുന്നതിന് അനുമതി നൽകിയെങ്കിലും സ.ഉ(കൈ)നം.112/2019 /ത.സ്വ.ഭ.വ തിയതി 31-08-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയും പ്രാബല്യതിയതി 1-9-2019 ആയി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടിക്കറ്റ് നിലവിൽ വരുന്നതുവരെ സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

വടകരപ്പതി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ധനലക്ഷ്മി സിനിമാസിന്റെ ഫയൽ പരിശോധിച്ചപ്പോൾ കോവിഡിന് ശേഷം 2023 ജനുവരി മുതൽക്കാണ് തീയേറ്റർ പ്രവർത്തിച്ച് വരുന്നത്. തിയറ്റർ ഉടമ നൽകിയ രേഖയിൽ ജനുവരി മുതൽ മാർച്ച് വരെ 659 ടിക്കറ്റുകൾ മാത്രമാണ് തീയേറ്ററിൽ നിന്നും നൽകിയിട്ടുള്ളത്. ആയതിന്റെ വിനോദ നികുതി 2649/- രൂപ ഒരുമിച്ച് പഞ്ചായത്തിൽ ഒടുക്കുകയാണ് ചെയ്തിട്ടുള്ളത്. എല്ലാ മാസവും മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതി ഒടുക്കണമെന്നുള്ള വ്യവസ്ഥ പാലിച്ചിട്ടില്ല.

ജി.എസ്.ടി രജിസ്റ്റരേഷൻ എടുക്കാതെ പ്രവർത്തിക്കുന്നു

തിയേറ്ററുകൾ ജി.എസ്.ടി ഒടുക്കിയ ടിക്കറ്റുകളുടെ എണ്ണത്തിനനുസരിച്ചുള്ള വിനോദ നികുതിയാണ് പഞ്ചായത്തിൽ അടവാക്കേണ്ടതെങ്കിലും ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കാതെ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടു. ആയതിനാൽ വിനോദ നികുതിയുടെ കൃത്യത പരിശോധിക്കാനായില്ല. തിയേറ്റർ ഉടമകൾ ഒടുക്കുന്ന നികുതി വരവായി രേഖപ്പെടുത്തുന്ന രീതിയാണ് തുടർന്നുവരുന്നത്.

ലൈസൻസ് എടുക്കാതെ തിയേറ്റർ പ്രവർത്തിക്കുന്നു

1988 ലെ കേരള സിനിമാസ്(റഗുലേഷൻ) ചട്ടങ്ങൾ പ്രകാരം സിനിമാ തിയേറ്ററുകളുടെ നിർമ്മാണത്തിനുള്ള പെർമിറ്റ്, സിനിമാ പ്രദർശനത്തിനുള്ള ലൈസൻസ്, പുതുക്കൽ എന്നിവയ്ക്കുള്ള നടപടിക്രമങ്ങൾ വിശദീകരിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 9(2) പ്രകാരം സിനിമാ പ്രദർശനത്തിനുള്ള ഒരു വർഷത്തെ ലൈസൻസ് ഫീ/പുതുക്കുന്നതിനുള്ള ഫീസ് 1000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

എന്നാൽ തിയേറ്ററുകളുടെ സിനിമാട്ടോഗ്രാഫി ലൈസൻസ് രേഖകൾ പരിശോധിച്ചതിൽ നിന്നും അവ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം. 13/12-9-23 ന് ലഭ്യമാക്കിയ മറുപടിയിൽ തിയേറ്ററിന്റെ ഉടമസ്ഥാവകാശം രവീന്ദ്രനാഥ മേനോൻ & സരസ്വതി എന്ന പേരിലായിരുന്നു എന്നും രവീന്ദ്രനാഥ മേനോൻ മരണപ്പെട്ടതിനെത്തുടർന്ന് ഉടമസ്ഥാവകാശം സരസ്വതി മുതൽപേരിലേക്ക് മാറ്റുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ട് എന്നറിയിച്ചു.

പഞ്ചായത്തിന്റെ ലൈസൻസോട് കൂടി പ്രവർത്തിക്കുന്നതിന് തിയറ്റർ ഉടമക്ക് പല തവണ കത്ത് നൽകിയിട്ടുണ്ടായിരുന്നു ആയതിന് PWD SOUND STRUCTURE OFFICE, ELECTRICAL INSPECTRATE ൽ

നിന്നും അനുമതി ലഭിക്കുന്നതുവരെ സാവകാശം വേണമെന്ന് അവശ്യപ്പെട്ടതായി മറുപടി നൽകി.

ഓഡിറ്റ് നിർദ്ദേശം

*സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ വിനോദ നികുതി തിയേറ്റർ ഉടമകൾ ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

*ഓരോ ദിവസത്തേയും ടിക്കറ്റുകളുടെ എണ്ണത്തിന്റെ കൃത്യത ഉറപ്പാക്കി പ്രതിമാസം മൂന്നാം തിയതിക്കകം വിനോദ നികുതി ഈടാക്കേണ്ടതാണ്.

*സിനിമാട്ടോഗ്രഫി ലൈസൻസ് ഉടൻ എടുത്ത് അറിയിക്കേണ്ടതാണ്.

1-13 ഉദ്യം രജിസ്ട്രേഷൻ എടുക്കാതെ എം.എസ്.എം.ഇ കൾ പ്രവർത്തിക്കുന്നു

1) MSME കെട്ടിടങ്ങളിലെ ഫയൽ പരിശോധനയിൽ 2022-2023 വർഷത്തിൽ 30 MSME കൾ സഞ്ചയയിൽ ഉൾപ്പെട്ടിട്ടുണ്ട്. വിവരം ചുവടെ നൽകുന്നു.

| ക്രമ നം | കെട്ടിടനമ്പർ | സഞ്ചയയിലെ പേര്/ വിലാസം | കെട്ടിടത്തിന്റെ ഉപയോഗ ക്രമം |
|---|---|---|---|
| 1 | 1/645 | സി ആർ ധനപാൽ പാലിയമ്മൻ തുറ, കോഴിപ്പാറ, കോഴിപ്പാറ | MSME |
| 2 | 3/539 | ഭുവനേശ്വരൻ, ധനഭാഗ്യം | MSME |
| 3 | 5/442 | ധനരാജ്, വേലന്താവളം | |
| 4 | 5/521 | ധനരാജ്, കിണർപ്പള്ളം പിരിവ്, വേലന്താവളം | MSME Sawmill |
| 5 | 7/264 | 1.റോബിൻ ജോസ് 2.റോഷൻ ജോസ് 3.രോഹിൻ ട്യൂട്ടു ജോസ്, കുപ്പാണ്ടകൗണ്ടനൂർ | MSME BUS BODY BUILDING |
| 6 | 6/436 | മാനേജിംഗ് ഡയറക്ടർ, പ്രൈവറ്റ് ലിമിറ്റഡ്, ചിന്നാകവുണ്ടനൂർ, ഒഴലപ്പതി | MSME |
| 7 | 7/368 | എം എച്ച് റിയാസ് & സാഹിദ റിയാസ്, മൂകട ഹൌസ്, മുടിക്കൾ | MSME |
| 8 | 9/437 | രംല മുതൽ പേർ, കിണർപള്ളം, വേലന്താവളം | MSME ZNERGY FULES P LTD |
| 9 | 9/438 | രംല മുതൽ പേർ, | MSME |

| | | | |
|---|---|---|---|
| | | കിണർപള്ളം, വേലന്താവളം | |
| 10 | 9/574 | എം കെ ഹംസ S/O കൊച്ചു & എം എച് റഷീദ് എന്ന റിജു S/O എം കെ ഹംസ, റോക്ക് ബോണ്ട് ബോർട്സ്, കിണർ പള്ളം, ഒഴലപ്പതി | MSME |
| 11 | 9/581 | എം കെ ഹംസ, റഷീദ് എന്ന റീജു, റോക്ക് ബോണ്ട് ബോർഡ്സ്, കിണർപ്പള്ളം, ഒഴലപ്പതി | MSME |
| 12 | 9/582 | എം കെ ഹംസ, റഷീദ് എന്ന റീജു റോക്ക് ബോണ്ട് ബോർഡ്സ്, കിണർപ്പള്ളം, ഒഴലപ്പതി | MSME |
| 13 | 9/583 | എം കെ ഹംസ, റഷീദ് എന്ന റീജു റോക്ക് ബോണ്ട് ബോർഡ്സ്, കിണർപ്പള്ളം, ഒഴലപ്പതി | MSME |
| 14 | 9/584 | എം കെ ഹംസ, റഷീദ് എന്ന റീജു റോക്ക് ബോണ്ട് ബോർഡ്സ്, കിണർപ്പള്ളം, ഒഴലപ്പതി | MSME |
| 15 | 10/400 | സെക്രട്ടറി | MSME |
| 16 | 10/581 | കെ ജെ ജേക്കബ്, പ്രൈവറ്റ് ലിമിറ്റഡ്, പുങ്കന്നൂര, ആട്ടാംപതി | MSME |
| 17 | 11/289 | ഗുരുസാമി | MSME |
| 18 | 11/577 | കൃഷ്ണദാസ്, രാമണ്ടിചള്ള, | MSME |

| | | | |
|---|---|---|---|
| | | പരിശക്കൽ | |
| 19 | 12/119 | അൽബെർറ്റ് ആരോഗ്യ സാമി | MSME |
| 20 | 12/580 | ആൽബർട്ട് ആരോഗ്യസ്വാമി, മണിയക്കാരൻ ചള്ള, പരിശക്കൽ | MSME |
| 21 | 12/321 | അന്തോണിയമ്മാൽ | MSME |
| 22 | 16/671 | സുശീൽ വിജോയ് അറോറ, നല്ലൂർ, കോഴിപ്പാറ | MSME |
| 23 | 16/672 | സുശീൽ വിജോയ് അറോറ, നല്ലൂർ, കോഴിപ്പാറ | MSME |
| 24 | 16/673 | സുശീൽ വിജോയ് അറോറ നല്ലൂർ, കോഴിപ്പാറ | MSME |
| 25 | 16/723 | സംഗീത വിജയ് അറോറ നല്ലൂർ, കോഴിപ്പാറ | MSME |
| 26 | 16/724 | സംഗീത വിജയ് അറോറ നല്ലൂർ, കോഴിപ്പാറ | MSME |
| 27 | 16/725 | ദിവ്യ വിജോയ് അറോറ നല്ലൂർ, കോഴിപ്പാറ | MSME |
| 28 | 16/726 | ദിവ്യ വിജോയ് അറോറ നല്ലൂർ, കോഴിപ്പാറ | MSME |
| 29 | 16/727 | ദിവ്യ വിജോയ് അറോറ നല്ലൂർ, കോഴിപ്പാറ | MSME |
| 30 | 17/258 | അരുൾ ബെനിറ്റോ, ആന്റണി സഹായ രാജ് നീലിപ്പാറ, കോഴിപ്പാറ, | MSME |

MSME സ്ഥാപനങ്ങളുടെ ഉദ്യോഗ് ആധാർ മെമ്മോറാണ്ടം/ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, Acknowledgement Certificate, MSME രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ MSME കളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

കേന്ദ്ര സർക്കാരിന്റെ MSME Development Act, 2006 പ്രകാരം MSME മന്ത്രാലയത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്. വ്യവസായ സ്ഥാപനങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിനായി ഉദ്യോഗ് ആധാർ മെമ്മോറാണ്ടം/ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, Acknowledgement Certificate എന്നിവ ഉറപ്പുവരുത്തിയാണ് മേൽ പറഞ്ഞവരെ MSME

ഉൾപ്പെടുത്തേണ്ടതാണ്. ആയതിനുള്ള തുടർ വിവരം അറിയിക്കേണ്ടതാണ്.

2) MSME ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

സഞ്ചയയിൽ നിന്നും ലഭ്യമായ MSME കളുടെ ഡാറ്റ തൊഴിൽ നികുതി, ലൈസൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചപ്പോൾ MSME കളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി. മേൽ പട്ടികയിലെ ക്രമ നമ്പർ: 4,20,23,26 ഒഴികെ ബാക്കി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. 17/12-9-23 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

* MSME സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടാണ്.

* MSME സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

* വ്യവസായ സ്ഥാപനങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിനായി ഉദ്യോഗ് ആധാർ മെമ്മോറാണ്ടം/ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, Acknowledgement Certificate എന്നിവ രജിസ്റ്റർ ചെയ്തിട്ടാണോ പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-14 2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 – വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/ 10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം

2023 ലെ വസ്തുനികുതി പരിഷ്കരണം - പ്രധാന നിർദ്ദേശങ്ങൾ

| നിർദ്ദേശം | നിർദ്ദേശം നടപ്പാക്കിയതിന്റെ വിവരം |
|---|---|
| വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തൽ<br>എല്ലാ കെട്ടിടങ്ങളുടെയും 2022-23 വർഷം വരെ നിർണ്ണയിച്ചിട്ടുള്ള വസ്തു നികുതിയോടൊപ്പം അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തേണ്ട താണ്. | എല്ലാ കെട്ടിടങ്ങളുടേയും വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കൽ<br>മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്ത വർക്ക് വിവരം ഫോറം 9ബി പ്രകാരം അറിയിക്കാവുന്നതാണ്.<br>സമയപരിധി - 15-05-2023 | ഫോറം 9B യിൽ നാളിതുവരെ 17 പേർ മാത്രമാണ് കെട്ടിടത്തിന്റെ മാറ്റങ്ങളുടെ വിവരം അറിയിച്ചിട്ടുള്ളത്. |
| കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന<br>ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തു ന്നതിന് 30-06-2023 വരെ സമയം അനുവദിച്ചിരുന്നു. | ഫീൽഡ് പരിശോധന നാളിതുവരെ ആരംഭിച്ചിട്ടില്ല. |
| വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യത യുള്ളവരെ നിയമി ക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാ വുന്നതുമാണ്. | വിവരശേഖരണം നടത്തുന്നതിനായി ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നാൾ ഇതുവരെ നിയമിച്ചിട്ടില്ല. |
| വസ്തു നികുതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം | 5% വർദ്ധനവ് വരുത്തി യതല്ലാതെ കെട്ടിടങ്ങളുടെ അടിസ്ഥാന വിവരം ശേഖരി ക്കുന്നതിനുള്ള പ്രവർത്തന ങ്ങൾ ആരംഭിച്ചിട്ടില്ല. ആയതിനാൽ വസ്തു നികുതി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട മറ്റ് നടപടി കളിലേക്ക് കടക്കുവാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്.<br>ഉത്തരവുകൾ കണക്കിലെടുത്ത് 10/05/2023 തീയതിയിലെ എസ് സി1/2838/2023 നം. |

| | | |
|---|---|---|
| | | ഉത്തരവ് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>പൊതുജനങ്ങൾക്ക് ആക്ഷേപം ഉണ്ടെങ്കിൽ അറിയിക്കുന്നതിനായി ഒരു മാസം സമയം നൽകിയിരുന്നുവെങ്കിലും പരാതിയൊന്നും ഇല്ലാത്തതിനാൽ കരട് വിജ്ഞാപനം അംഗീകരിക്കുകയും 27.07.2023 തിയതിയിൽ എസ് സി1-3782/2023 നം പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് വില്ലേജ് ഓഫീസിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>കൂടാതെ, ദേശാഭിമാനി പത്രത്തിൽ വിജ്ഞാപനം പരസ്യപ്പെടുത്തിയിട്ടുണ്ട്.<br>അന്തിമ വിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടില്ല. |
| | വസ്തു നികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും<br>പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്. | മേഖലകൾ<br>06/09/2011 ന് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച മേഖലാ വിവരങ്ങൾ<br>1. പ്രഥമ മേഖല<br>1, വേലന്താവളം<br>മേനോൻപാറ -പുഴപ്പാലം റോഡിന്റെ 200 മീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങൾ<br>2. ചന്തപ്പേട്ട - നീളിപ്പാറ റോഡിന്റെ 200 മീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങൾ<br>3. വേലന്താവളം -കുപ്പാണ്ടികൌണ്ടനൂർ |

റോഡിന്റെ 200 മീറ്റർ ചുറ്റളവിൽവരുന്ന പ്രദേശങ്ങൾ

4. മേനോൻപാറ - സത്രം റോഡിന്റെ 200 മീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങൾ

5. ചുണ്ണാമ്പുക്കൽതോട് - പരിശക്കൽ റോഡിന്റെ 200 മീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങൾ

6, മേനോൻപാറ - കഞ്ചിക്കോട് റോഡിന്റെ 200 മീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങൾ

2. ദ്വിതീയം

1, പുലിപ്പാറ - പരിക്കൽ റോഡിന്റെ 200 മീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങൾ

2. കിരിയമ്പള്ളം - കണ്ണിയമ്പാറ റോഡിന്റെ 200 മീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങൾ

3. ലാലാക്കാട് - ചെട്ടിയാർ കളം റോഡിന്റെ 200 മീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങൾ

4. ലാലാക്കാട് - അനപ്പൂർ റോഡിന്റെ 200 മീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങൾ

5. ചന്തപ്പേട്ട - പാലിയമ്മൻതുറ റോഡിന്റെ 200 മീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങൾ

6. ചന്തപ്പട്ട - എരുമക്കാരനൂർ റോഡിന്റെ 200 മീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങൾ

7, മുൻസിഫ്ചള്ള - ബാവാജി

| | |
|---|---|
| | നഗർ റോഡിന്റെ 200 മീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങൾ<br>3) തൃതീയം<br>1. മേൽ പറഞ്ഞ രണ്ട് പ്രദേശങ്ങൾ ഒഴിച്ചുള്ള പ്രദേശങ്ങൾ |

നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ പരിശോ ധന

അനധികൃത ഇളവുകൾ നൽകിയതായി കാണുന്നില്ല.

വിജ്ഞാപനങ്ങൾ പ്രകാരമുള്ള നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തൽ

എസ്.ആർ.ഒ നം. 100/2015 (സ.ഉ(അ) നം.36/2015/തസ്വഭവ തിയതി 24-02-2015), സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8-9-2020 എന്നീ ഉത്തരവുകൾ പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ILGMS ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയ (വസ്തു നികുതി) യിൽ ക്യാൻസൽ ചെയ്യപ്പെടാതിരിക്കൽ

ILGMS ൽ ക്യാൻസൽ ചെയ്ത ഏതാനും രസീതികളിലെ തുകകൾ സഞ്ചയയിലെ ഡാറ്റയുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചപ്പോൾ അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

*വസ്തു നികുതി പരിഷ്കരണ നടപടികളുടെ ഭാഗമായുള്ള ഫീൽഡ് വിസിറ്റ് ആരംഭിച്ച് ഫോറം 9ബി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

*ഭരണ സമിതി അംഗീകരിച്ച് അന്തിമമാക്കിയ വസ്തു നികുതിയുടെ പുതുക്കിയ നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.

*അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

*മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

*ഓൺലൈൻ ആയി ഒടുക്കുന്ന വസ്തു നികുതി അക്കൗണ്ടിൽ വരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 സെക്രട്ടറിക്ക് നൽകിയ Festival Advance തിരിച്ച് അടച്ചിട്ടില്ല

2022-2023 ൽ അന്നത്തെ സെക്രട്ടറിയായ ശ്രീ. വിനോദ്കുമാർ ന് Festival Advance (Code:460100101) ഇനത്തിൽ 18000/-രൂപ നൽകിയിട്ടുണ്ടെങ്കിലും ആയത് തിരിച്ച് പിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി കാണുന്നില്ല.

ഓഡിറ്റ് അന്വേഷണം നം:22/14.09.2023 നൽകിയതിന് മറുപടിയിൽ തുക തിരിച്ചുപിടിക്കുന്ന തിനുള്ള നടപടി ഉടൻ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് തിരിച്ചുപിടിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-16 ഹരിതമിത്രം സ്മാർട്ട് ഗാർബേജ് പദ്ധതി - പ്രവർത്തന പുരോഗതി അറിയിക്കേണ്ടതാണ്

ഹരിതകേരളം മിഷനുവേണ്ടി കെൽട്രോൺ വികസിപ്പിച്ചെടുത്തിട്ടുള്ള ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംങ്ങ് സിസ്റ്റം സോഫ്റ്റ്‌വെയർ മുഖേന മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ മോണിറ്റർ

ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പദ്ധതിയുടെ ഭാഗമായി സ.ഉ (ആർ.ടി)നം. 2307/2021/LSGD തി.18-11-2021 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

പ്രോജക്ട്- നം. 270/23, സ്മാർട്ട് ഗാർബേജ് പദ്ധതി

നിർവഹണ ഉദ്യോഗസ്ഥൻ- അസി.സെക്രട്ടറി

അടങ്കൽ- ₹ 191547 (സി.എഫ്.സി ടൈഡ്)

ചെലവ്- ₹ 191547

ബിൽ നം. 6/4-02-23

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, ഓഫീസ് ആവശ്യത്തിനായി ലാപ്ടോപ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ് നൽകുന്നതിനുമായി ഫണ്ട് വകയിരുത്തുന്നതിനാണ് മേൽ പരാമർശിച്ച ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഉത്തരവ് പ്രകാരം സർവ്വീസ് ചാർജ്- 135700രൂപ, എസ്.എം.എസ് ചാർജ്- 7200 രൂപ, ക്യൂ.ആർ കോഡ്- 12000 രൂപ, ലാപ്ടോപ്- 50000 രൂപ എന്നിങ്ങനെ ചെലവഴിക്കാവുന്നതാണ്. കെൽട്രോണിന് സർവ്വീസ് ചാർജ്, ക്യൂ.ആർ കോഡ് തുക, എസ്.എം.എസ് ചാർജ് എന്നീ ഇനങ്ങൾക്കായി 154900 രൂപയാണ് കെൽട്രോണിന് നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെൽട്രോണുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 36647 രൂപ ഉപയോഗിച്ച് ജെം പോർട്ടൽ മുഖേന എലയറ്റ് എന്ന സ്ഥാപനം വഴി കമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ട്. ക്യൂ.ആർ കോഡുകൾ ലഭ്യമായതിന്റെയും ആയവ വീടുകളിലും സ്ഥാപനങ്ങളിലും പതിപ്പിച്ചതിന്റെയും കസ്റ്റമർ എൻറോൾമെന്റിന്റെയും നിലവിലെ പുരോഗതി വിവരം, ഹരിത കർമ്മസേനാംഗങ്ങൾക്ക് കെൽട്രോണിൽ നിന്നും സ്മാർട്ട് ഗാർബേജ് ആപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് പ്രായോഗിക പരിശീലനം ലഭ്യമായിട്ടുണ്ടോ എന്നതിന്റെ വിവരം, ആപ്പ് മുഖേനയുള്ള മോണിറ്ററിംഗ് പ്രവർത്തനം ആരംഭിച്ചതിന്റെ പുരോഗതി വിവരം എന്നിവ ലഭ്യമാക്കുന്നതിനായി 03/08-09-23 നമ്പർ ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടതിന് 8000 QR കോഡുകൾ കുടുംബശ്രീ പ്രവർത്തകർ പൂർത്തികരിച്ചിട്ടുണ്ടെന്നും ഹരിതമിത്രം ആപ്പ് വഴിയാണ് യൂസർഫീ കളക്ഷൻ ചെയ്ത് കൊണ്ടിരിക്കുന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കേണ്ടതാണ്.

## 1-17 അങ്കണവാടി നിർമ്മാണത്തിനായി തുക നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

വടകരപതി ഗ്രാമ പഞ്ചായത്തും, വനിതാ ശിശു വികസന വകുപ്പും , MGNREGS ഉം സംയുക്തമായി നടപ്പിലാക്കുന്ന വിവിധ അങ്കണവാടികളുടെ നിർമ്മാണ പ്രവൃത്തികൾക്കായി MGNREGS സ്റ്റേറ്റ് മിഷൻ ഡയറക്ടർക്ക്, സെക്രട്ടറി ഗ്രാമ പഞ്ചായത്തിന്റെ വിഹിതം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണം- സെക്രട്ടറി

| ക്രമ നം | പ്രൊജക്ട് നം | ബിൽ നം./തീയതി | തുക | അക്കൌണ്ട് നം |
|---|---|---|---|---|
| 1 | 292/23 , ചെട്ടിയാർകുളം അങ്കണവാടി നിർമ്മാണം | 37/23 31.01.23 | 300000 രൂപ വികസനഫണ്ട് -ജനറൽ | 799011400000486 |
| 2 | 293/23, | 38/23 | 300000 രൂപ | 799011400000486 |

| | | | | |
|---|---|---|---|---|
| | കണക്കൻകളം അങ്കണവാടി നിർമ്മാണം | 31.01.23 | വികസനഫണ്ട് -ജനറൽ | |

സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരമുള്ള 14 ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 8.8.2(2) പ്രകാരം എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വനിതാ ശിശു വികസന വകുപ്പ്, MGNREGS എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങളുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അങ്കണവാടികളുടെ നിർമ്മാണ പുരോഗതി ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (02/08-09-2023) പ്രവൃത്തി പൂർത്തികരിക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണം കൃത്യമായി മോണിട്ടർ ചെയ്ത് തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നം. പേര് | 1/23, വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ | ₹ 1715932/-(വികസന ഫണ്ട്-ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹ 1715932/- (XVFC/2022-23/P/37-23.3.23) |
| പ്രൊജക്ട് നം. പേര് | 259/23, മണിയക്കാരൻചള്ള സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ |
| അടങ്കൽ | ₹ 200000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹ 200000/- 50/17.03.23 |
| നിർവ്വഹണം | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ 2022-23 വാർഷിക പദ്ധതിയിലുൾപ്പെട്ട "വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ',' മണിയക്കാരൻചള്ള സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ എന്നീ പദ്ധതിക്കായി വേലന്താവളം കെ എസ് ഇ ബി ക്ക് തുക കൈമാറിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച വിവരം /ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.21/14.09.23) ടി തുക പദ്ധതി നടപ്പിലാക്കുന്നതിന് പര്യാപ്തമല്ല എന്നും KSEB ബോർഡിന്റെ ഓർഡർ നം.BO (FT D) 421/2021(D (DJT&HRM)DCC18/2019-20 തീയതി 3.6.1 പ്രകാരം കവേർഡ് കണ്ടക്ടർ സ്ഥാപിച്ച് തന്നെ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കേണ്ടതിനാൽ 862593 രൂപ അധികമായി അടവാക്കിയാലേ പ്രവർത്തി ചെയ്യാൻ കഴിയൂ എന്ന് KSEB യിൽ നിന്നും കത്ത് ലഭ്യമായിട്ടുണ്ട് എന്നും ആയതിന്റെ അടിസ്ഥാനത്തിൽ 6 ലക്ഷം രൂപ KSEB യിലേക്ക് അടവാക്കിയെന്നും ബാക്കി തുക അടവാക്കാൻ സാധിച്ചിട്ടില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

1-19 എസ്.എസ്.എ വിഹിതം അടവാക്കൽ - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

2022-23 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ നമ്പർ ( സ.ഉ(കൈ)നം 84/2022/തസ്വഭവ , തീയതി 19-04-2022) പ്രകാരം ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ പ്രൊജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദേശിക്കുന്നുണ്ട്. ഈ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ് എന്നും നിർദേശിക്കുന്നുണ്ട്.

തൻ വർഷം എസ്.എസ്.എ വിഹിതം അടവാക്കൽ എന്ന പ്രൊജക്ടിൽ ആകെ 10 ലക്ഷം രൂപ ഡിസ്ട്രിക്ട് പ്രൊജക്ട് ഓഫീസർക്ക് (അക്കൗണ്ട് നമ്പർ - 79901270000l780) 13-12-2022തീയ്യതിയിൽ കൈമാറിയിട്ടുണ്ട്.

| പ്രൊജക്ട്നമ്പർ | പ്രൊജക്ട് പേര് | കൈമാറിയ തുക |
|---|---|---|
| 210/23 | എസ്.എസ്.എ വിഹിതം അടവാക്കൽ ( ജനറൽ) | 1000000- |

ചുവടെ ചേർത്ത വിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

എസ്.എസ്.എ പദ്ധതികൾ ഏതെല്ലാം വിദ്യാലയങ്ങളിലാണ് നടപ്പാക്കിയത് / സേവനം നൽകിയത് എതെല്ലാം സ്കൂളുകളിലെ കുട്ടികൾക്കാണ് എന്നത് സംബന്ധിച്ച വിവരങ്ങൾ.

കൈമാറിയ തുക വിനിയോഗിച്ച് പൊതുവിദ്യാലയങ്ങളിൽ എസ് എസ് എ നടത്തിയ അക്കാദമിക്ക്/നിർമ്മാണ/പരിശീലന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (18/12-09-2023) മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം മേൽ വിവരിച്ച രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-20 ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

2022-23 വർഷത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ അനുബന്ധ ഖണ്ഡികളായി കൊടുക്കുന്നു.

1-20-1 ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു

അങ്കണവാടി അനുപൂരക പോഷകാഹാരം പദ്ധതികൾ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള 27 അങ്കണവാടികളിലേക്കുള്ള അമൃതം ന്യൂട്രിമിക്സ്, "കിഡ്സ് ലൗവർ അമൃതം ഫുഡ്സ്", ഒറ്റപ്പാലം എന്ന സ്ഥാപനത്തിൽ നിന്നും ആരോഗ്യമിക്സ് അമൃതം ഫുഡ്സ് നല്ലേപ്പുള്ളി എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. ഇൻവോയ്സ് പ്രകാരം അമൃതം ന്യൂട്രിമിക്സ്/ആരോഗ്യമിക്സിനായി 5% ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനത്തിന് നൽകുന്നത്. എന്നാൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ചില ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

A/C No-0738201005661- അമൃതം ന്യൂട്രിമിക്സ് കിഡ്സ് ലൗവർ അമൃതം ഫുഡ്സ്, ഒറ്റപ്പാലം

A/C No-0802256005193,cnrb0000802- ആരോഗ്യ അമൃതം ഫുഡ്സ് നല്ലേപ്പുള്ളി

| പ്രൊജക്ട് നം., പേര് | ഇൻവോയ്സ് നം./തീയതി | ജി.എസ്.ടി ഉൾപ്പെടാത്ത |
|---|---|---|

| | | തുക (രൂപയിൽ) |
|---|---|---|
| 15/23, അങ്കണവാടി അനുപൂരക പോഷകാഹാരം (ജനറൽ) അടങ്കൽ- 3700000<br>ചെലവ്- 3700000-<br>90/23, അങ്കണവാടി അനുപൂരക പോഷകാഹാരം (Scp) അടങ്കൽ-340700<br>ചെലവ്- 340700 | 1113/16-09-22 | 109200 |
| | 739/29-08-22 | 13978 |
| | 746/26-09-22 | 14384 |
| | 1130/14-10-22 | 27155 |
| | 1019/15-11-22 | 111930 |
| | 1085/15-03-22 | 22500 |
| | 717/07-03-22 | 14964 |
| | 767/24-11-2022 | 14268 |
| | 1141/4-11-22 | 105840 |
| | 1157/07-12-22 | 130830 |
| | 732/08-08-22 | 13978 |
| | 755/28-10-22 | 14326 |
| | 785/21-01-23 | 13630 |
| | 1036/14-12-22 | 127155 |
| | 708/4-02-22 | 14732 |
| | 1100/23-07-22 | 129080 |
| | 1173/7-01-23 | 130095 |
| ആകെ | | 10,08045- |

ആകെ ചെലവഴിച്ച തുകയിൽ നിന്നും മേൽ വിവരിച്ച പ്രകാരം 10,08045- രൂപ അമൃതം ന്യൂട്രിമിക്സ്/ആരോഗ്യമിക്സ് വിതരണം ചെയ്ത സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

2017 ലെ സി.ജി.എസ്.ടി. ആക്ടിലെ സെക്ഷൻ 51(1), 2017 ലെ കെ.ജി.എസ്.ടി. ആക്ടിലെ സെക്ഷൻ 51(1) എന്നിവ പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കുലർ നം. ഡി.എ1/87/2019/തസ്വഭവ തീയതി 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതാണെന്നും രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി ഡി എസ് ഈടാക്കിയിട്ടില്ല. ആയതിനുള്ള കാരണം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ജി.എസ്.ടി ടി.ഡി.എസ് നടത്തുവാൻ വിട്ടുപോയാൽ നിർവ്വഹണ ഉദ്യോഗസ്ഥ പിഴ ഒടുക്കുവാൻ ബാധ്യസ്ഥയായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-20-2 വയോജനങ്ങൾക്ക് കട്ടിൽ- KADCOയിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങി

ഐ.സി.ഡി.എസ് സൂപ്പർ വൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രോജക്ട് ടെണ്ടർ നടപടികൾ പാലിക്കാതെ KADCO മുഖേനയാണ് നടപ്പാക്കിയത്.

പ്രൊജക്ടിന്റെ വിശദ വിവരങ്ങൾ താഴെ നൽകുന്നു

| | |
|---|---|
| പ്രോജക്ട് 87/23 | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ |
| അടങ്കൽ | 1015730, വികസന ഫണ്ട് |
| ചെലവ് | 611980- |
| ബിൽ നം, തീയതി | 4/30-06-2022 |

സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ (ചട്ടം 9.23) ഇളവ് നൽകി KADCOയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയുണ്ട്. സാധനങ്ങൾക്ക് നൽകാവുന്ന നിരക്കും അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിട്ടുണ്ട്.

മേൽ പ്രോജക്ട് പ്രകാരം വാങ്ങിയ 198cm Length* 90cm Width, Front Leg 60cm Height, Back Leg 50cm Height, 8mm Thickness Plywood On Top -Specifications ഉള്ള കട്ടിലുകൾ ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് KADCOയ്ക്ക് സർക്കാർ സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവ് നൽകി അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു( 14/12-09-23 ) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. KADCO അക്രിഡിറ്റഡ് സ്ഥാപനമായതിനാലാണ് നേരിട്ട് കട്ടിൽ വാങ്ങിയതെന്നും ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്നുള്ള അറിവില്ലായിരുന്നു എന്നും വാങ്ങിയ കട്ടിലുകൾ ഗുണമേന്മ ഉള്ളതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.
നിർദ്ദേശം

സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിക്കേണ്ടതാണ്.

1-21 ICDS കേന്ദ്ര ഫണ്ട് നിഷ്ക്രിയമായി തുടരുന്നു

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ആകെയുള്ള 27അങ്കണവാടികളിൽ 2 അങ്കണവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സെ. നമ്പർ 17, എലിപ്പാറയിലുള്ള അങ്കണവാടിക്ക് ചുറ്റുമതിലും ടോയ്‌ലറ്റ് സൗകര്യമില്ലാത്തതുമാണ്. സെ. നമ്പർ 18 ദേവരായൻ കോട്ട എന്ന അങ്കണവാടിക്ക് കുടിവെള്ള സൗകര്യമില്ല.

സർക്കുലർ നമ്പർ 39033/ഡി.സി.2/10/ത.സ്വ.ഭ.വ തിയതി 3-9-2010 പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും കുടിവെള്ളം വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്നും നിർദ്ദേശമുണ്ട്.

വാർഷിക കണക്കിലെ ബി-4 ഷെഡ്യൂൾ പ്രകാരം കേന്ദ്രഫണ്ടിനത്തിൽ 16,84725/- രൂപ നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (11/12-09-2023) മറുപടിയിൽ എലിപ്പാറയിലുള്ള അങ്കണവാടിക്ക് ടോയിലറ്റ് നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും സെ. നമ്പർ 18 ദേവരായൻ കോട്ട എന്ന അങ്കണവാടിക്ക് കുടിവെള്ള കണക്ഷൻ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

### 1-22 സ്കൂളുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ, പ്രിന്റർ വാങ്ങൽ - ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു

| | |
|---|---|
| പ്രൊജക്ട് നം പേര് 213/23 | സ്കൂളുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ, പ്രിന്റർ വാങ്ങൽ |
| അടങ്കൽ | 520000- |
| ചെലവ് | 517698 |
| ബിൽ നം- | 4/4-02-23, ₹4,99940 8/18-03-23, ₹17,758 |
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |

മേൽ പ്രോജക്റ്റ് പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള നാല് സ്കൂളുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ, പ്രിന്റർ ജെം മുഖേന വാങ്ങി നൽകിയിട്ടുണ്ട്. ഇ-ടെണ്ടർ ക്ഷണിച്ചതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ കടവിൽ ഇൻഫോട്ടക്ക് ,കോട്ടയം നിന്നുമാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന് തുക കൈമാറുമ്പോൾ നിയമാനുസൃതം ഈടാക്കേണ്ട2% നിരക്കിലുള്ള ടി ഡി എസ് ഈടാക്കിയിട്ടില്ല.

| | | |
|---|---|---|
| കടവിൽ ഇൻഫോടെക്ക് ,കോട്ടയം | KAD-22/23-652, 18-01-23 | 4,99940 |

2017 ലെ സി.ജി.എസ്.ടി ആക്ടിലെ സെക്ഷൻ 51(1), 2017 ലെ കെ.ജി.എസ്.ടി. ആക്ടിലെ സെക്ഷൻ 51(1) എന്നിവ പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കുലർ നം. ഡി.എ1/87/2019/തസ്വഭവ തീയതി 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതാണെന്നും രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ

തുകയുള്ള വാങ്ങലുകളിൽ/പ്രവൃത്തികളിൽ ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിലുള്ള ടി ഡി എസ് ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (20/14-09-2023) മറുപടിയിൽ രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ ടി.ഡി.എസ് കിഴിവ് വരുത്തണമെന്നുള്ള അറിവില്ലായിരുന്നു എന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ജി.എസ്.ടി ടി.ഡി.എസ് നടത്തുവാൻ വിട്ടുപോയാൽ നിർവ്വഹണ ഉദ്യോഗസ്ഥ പിഴ ഒടുക്കുവാൻ ബാധ്യസ്ഥയായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 എ.ബി.സി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് | 239/23, ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം |
| അടങ്കൽ | ₹350000-(വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് | ₹350000 |
| ബിൽ നം./തീയതി | 2/23, 25-01-23 |
| നിർവ്വഹണം | വെറ്റിനറി സർജൻ |

തെരുവുനായകളുടെ പ്രജനന നിയന്ത്രണം പ്രോഗ്രാമിനുള്ള വിഹിതമായി 3,50000രൂപ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (നം. 79901400002200) കൈമാറിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം-4/08-09-23). പദ്ധതി പൂർത്തിയാവുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാകേണ്ടതാണ്.

## 1-24 ലൈഫ് ഭവന പദ്ധതി-നിർമ്മാണം പൂർത്തീകരിച്ചില്ല

1) വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിയുടെ ചെലവ് രേഖകൾ, വാച്ച് രജിസ്റ്റർ എന്നിവ അനുസരിച്ച് പദ്ധതിയിലുൾപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തിയാക്കിയിട്ടില്ല. ഇവർ നാല് ലക്ഷം രൂപയുടെ ധനസഹായത്തിൽ ഭാഗികമായി തുക കൈപ്പറ്റിയിട്ടുണ്ട്. വിവിധ ബില്ലുകൾ പ്രകാരമാണ് തുക കൈപ്പറ്റിയിരിക്കുന്നത്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 143/23 |
| പ്രോജക്റ്റ് പേര് | ലൈഫ് ഭവനം (എസ് സി പി) |
| അടങ്കൽ | 3,380967 |
| ചെലവ് | 2,380000 |

ലൈഫ് ഫേയ്സ് 3 യിൽ നിന്നും 2 യിലേക്ക് മാറിയ ഭൂമിയുള്ള ഭവന രഹിതർ ലിസ്റ്റിൽ എഗ്രിമെന്റ് ചമച്ച 23 ഗുണഭോക്താക്കളിൽ 16 പേരും വീട് പണി പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിക്കുവാൻ ബാക്കിയുള്ളവരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ | ഗുണഭോക്താക്കളുടെ | ബിൽ | കൈപ്പറ്റിയ | കൈപ്പറ്റുവാൻ |
|---|---|---|---|---|

| നം. | വിവരം | നമ്പർ/ തീയ്യതി | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | വിജയലക്ഷ്മി , ഒഴലപതി,വാർഡ്-6 | 14/26-09-22<br>05/22-05-23 | 40000<br>1,60000 | 200000 |
| 2 | മാരിമുത്തു, ഒഴലപതി,വാർഡ്-6 | 2/13-05-22<br>17/14-09-22 | 40000<br>1,60000 | 200000 |
| 3 | മല്ലിക, വാർഡ്-6 | 09/30-05-22<br>17/14-09-22 | 40000<br>1,60000 | 200000 |
| 4 | മുരുകൻ, വാർഡ്-13 | 8/23-05-22<br>33/28-12-22 | 40000<br>1,60000 | 200000 |
| 5 | ജയചന്ദ്രിക,വാർഡ്-13 | 4-08-21<br>18-05-22 | 40000<br>1,60000 | 200000 |
| 6 | സുമതി , വാർഡ്-03 | 23-02-21<br>4-08-21<br>25-09-21 | 40000<br>1,60000<br>100000 | 100000 |
| 7 | പൂങ്കൊടി-വാർഡ്-6 | 23-02-21<br>4-08-21<br>25-09-21 | 40000<br>1,60000<br>100000 | 100000 |

മേൽ പട്ടികയിൽ ക്രമ നം-6,സുമതി , ക്രമ നം-7പൂങ്കൊടി എന്ന ഗുണഭോക്താക്കൾ 2/21 ൽ എഗ്രിമെന്റ് വെച്ചതാണ്. അവസാന ഗഡു കൈപ്പറ്റി രണ്ട് വർഷമായിട്ടും വീട്ട പണി പൂർത്തീകരിച്ചിട്ടില്ല.

2) ലൈഫ് 111 ഘട്ടം ഭൂമിയുള്ള ഭവന രഹിതർ ( ST)ലിസ്റ്റിൽ എഗ്രിമെന്റ്ചമച്ച 14 ഗുണഭോക്താക്കളിൽ 8 പേരും വീടുപണി പൂർത്തീകരി ച്ചിട്ടുണ്ട്. പൂർത്തീകരിക്കുവാനുള്ള 6പേരുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 145/23 |
| പ്രൊജക്റ്റ് പേര് | ലൈഫ് ഭവനം (ടി എസ് പി) |
| അടങ്കൽ | 4581544 |
| ചെലവ് | 3095000 |

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ വിവരം | തീയ്യതി | കൈപ്പറ്റിയ തുക | കൈപ്പറ്റു വാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | സൂര്യ, വാർഡ്-9 | 14-03-22<br>19-10-22<br>17-1-23<br>22-05-23 | 40000<br>160000<br>100000<br>100000 | 200000 |
| 2 | സെൽവി ,വാർഡ്-9 | 14-03-22<br>8-12-22 | 40000<br>160000 | 400000 |
| 3 | രങ്ക നായകി,വാർഡ്-9 | 14-03-22<br>28-12-22 | 40000<br>160000 | 400000 |

| | | | | |
|---|---|---|---|---|
| 4 | മാധവൻ, വാർഡ്-9 | 16-03-22<br>4-02-23 | 40000<br>160000 | 400000 |
| 5 | കൃഷ്ണസ്വാമി, വാർഡ്-9 | 3-03-22<br>18-12-22<br>17-03-23<br>22-05-23 | 40000<br>160000<br>100000<br>100000 | 200000 |
| 6 | ശക്തിവേൽ വാർഡ്-9 | 30-03-22<br>4-02-23<br>22-05-23 | 40000<br>160000<br>100000 | 300000 |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം (10/11-09-2023) ലഭ്യമാക്കിയ മറുപടിയിൽ അടുത്ത വർഷത്തിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് പ്രോജക്ക് വെച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. തുടർ വിവരം അറിയിക്കേണ്ടതാണ്.

1-25 ഹരിതകർമ്മസേനയുടെ പ്രവർത്തനം -അവലോകനം

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/ 2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖയ്ക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

ലക്ഷ്യം

വടകരപതി ഗ്രാമപഞ്ചായത്തിനെ മാലിന്യ വിമുക്തമാക്കി ശുചിത്വ സുന്ദരമാക്കുവാനുള്ള ശ്രമങ്ങൾ കഴിഞ്ഞ കുറച്ച് വർഷങ്ങളായി നടത്തിവരുന്നുണ്ട്. ആയതിനായി താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

1) ജൈവ മാലിന്യവും അജൈവ മാലിന്യവും 100% ഉറവിടത്തിൽ തന്നെ തരംതിരിക്കൽ

2) അജൈവ മാലിന്യം പൂർണ്ണമായും വാതിൽപ്പടി ശേഖരണം

3) ജൈവ മാലിന്യം പൂർണ്ണമായും ഉറവിടത്തിൽ ശാസ്ത്രീയമായി സംസ്കരിക്കൽ

4) മാലിന്യ കൂനകൾ ഇല്ലാത്ത വൃത്തിയുള്ള പൊതു ഇടം സൃഷ്ടിക്കൽ

5) എല്ലാ ജലാശയങ്ങളിലെയും ഖരമാലിന്യം നീക്കം ചെയ്ത് നീരൊഴുക്ക് ഉറപ്പാക്കൽ

പ്ലാസ്റ്റിക് - ഖരമാലിന്യ നിയമാവലി വിജ്ഞാപനം ചെയ്യൽ, യൂസർഫീ നിശ്ചയിക്കൽ

പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ-ജി.ഒ(ആർ.ടി)നം.18/2021/തസ്വഭവ തിയതി 04-01-2021 അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ 28-06-21 4(1) നം തീരുമാനം പ്രകാരം മാലിന്യങ്ങളുടെ കൈകാര്യം ചെയ്യൽ ബൈലോ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. വീടുകളിൽ നിന്നും 50 രൂപയും കടകളിൽ നിന്നും 100 രൂപയും ഈടാക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ രൂപീകരണവും പ്രവർത്തനവും

ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം14-07-2019 മുതലാണ് ആരംഭിച്ചിട്ടുള്ളത്. 17 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനയിൽ നിലവിൽ 34 അംഗങ്ങളുണ്ട്. ആകെ 6278 വീടുകളും 643 വ്യാപാര സ്ഥാപനങ്ങളുമാണ് ഗ്രാമപഞ്ചായത്തിലുള്ളത്. വീടുകളിൽ നിന്നും വ്യാപാര

സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. 100% വീടുകളിൽ നിന്നും യൂസർ ഫീ ലഭിക്കുന്നുണ്ട്.

പ്രതിമാസം 3,10000- രൂപ യൂസർ ഫീ ഇനത്തിൽ ലഭിക്കുന്നുണ്ട്. QR കോഡ് സ്ഥാപിച്ചതിനു ശേഷം 2023 ജൂലായ് മാസത്തിൽ 3,26000- രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ യൂസർഫീ ഇനത്തിൽ ആകെ 21,26819-രൂപയാണ് ലഭ്യമായിട്ടുള്ളത്.

വാഹനം വാങ്ങി നൽകിയതിന്റെ വിവരം

പ്രവർത്തനമാർഗ്ഗരേഖ പ്രകാരം ഹരിതകർമ്മസേനയ്ക്ക് വാഹന സൗകര്യം നൽകുന്നതിനുള്ള ചുമതല ഗ്രാമപഞ്ചായത്തിനാണ്. ഹരിതകർമ്മസേനയ്ക്ക് ഗ്രാമപഞ്ചായത്ത് വാഹനം വാങ്ങി നൽകിയിട്ടുണ്ട്. നിലവിൽ ഒരു ബാറ്ററി ഓപ്പറേറ്റഡ് 3 വീലർ ഗുഡ്സ് ക്യാരിയർ സേനാംഗങ്ങൾ ഉപയോഗിക്കുന്നുണ്ട്.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം മെറ്റീരിയൽ കളക്ഷൻ ഫെസലിറ്റി (എം.സി.എഫ്) സെന്റർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 7ാം വാർഡിൽ ഒഴലപതി എന്ന സ്ഥലത്താണ് സ്ഥാപിച്ചിട്ടുള്ളത്. എം.സി.എഫിൽ ബെയ്‌ലിംഗ് മെഷിൻ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ ബെയ്‌ലിംഗ് മെഷിൻ പ്രവർത്തന രഹിതമാണ്. ഗ്രാമപഞ്ചായത്തിൽ 3 വാർഡുകളിൽ മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്.



പ്രവർത്തന രഹിതമായ ബെയ്‌ലിംഗ് മെഷിൻ

റിസോഴ്സ് റിക്കവറി ഫെസിലിറ്റി(ആർ.ആർ.എഫ്)

ബ്ലോക്ക്തലത്തിൽ ആർ.ആർ.എഫ് സംവിധാനം നിലവിലില്ല.

ഹരിത സഹായ സ്ഥാപനങ്ങൾ

നിലവിൽ ഗ്രാമപഞ്ചായത്തിൽ ഹരിതസഹായ സ്ഥാപനത്തിന്റെ സേവനം പ്രയോജനപ്പെടുത്തുന്നില്ല.

മാലിന്യം കയ്യൊഴി ക്കൽ

വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന പുനരുപയോഗത്തിനു സാധിക്കാത്ത അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായും ശേഖരിക്കുന്ന മാലിന്യങ്ങൾ കയ്യൊഴിയുന്നതിനായും ഓറിയോ, പട്ടത്തലച്ചി എന്ന സ്ഥാപനവുമായി 21-07-2022 ന് കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർ കാലാവധി 1 വർഷമാണ്. Rejected Waste സംസ്കരിക്കുന്നതിന് മേൽസ്ഥാപനത്തിന് കിലോ ഗ്രാമിന് 7 രൂപയാണ് നൽകുന്നത്. CFL, TUBE LIGHT, CATRIDGE എന്നീ മാലിന്യങ്ങൾ നൽകുന്നതിന് കിലോ ഗ്രാമിന് 39 രൂപയാണ് ഹരിതകർമ്മസേനയ്ക്ക് ലഭിക്കുന്നത്. ഓഡിറ്റ് വർഷം Rejected Waste സ്ഥാപനത്തിന് കൈമാറിയിട്ടില്ല. 7890 Kg നല്ല പ്ലാസ്റ്റിക് മാലിന്യം നൽകിയതിന് ഓഡിറ്റ് വർഷം ഹരിതകർമ്മസേനയ്ക്ക് 96148-രൂപയാണ് ലഭിച്ചിട്ടുള്ളത്.

13-09-2023തിയതിയിൽ നടത്തിയ പ്രാദേശിക പരിശോധന റിപ്പോർട്ടും അനുബന്ധ ഫോട്ടോയും ചുവടെ ചേർക്കുന്നു .

പ്രാദേശിക പരിശോധനയിൽ സംസ്കരണകേന്ദ്രത്തിൽ 8ഹരിതകർമ്മസേനാംഗങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടു. എം.സി.എഫ് കെട്ടിടത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ തരം തിരിക്കുന്ന പ്രവർത്തിയാണ് നടക്കുന്നത്. പ്ലാസ്റ്റിക് മാലിന്യം കഴുകി വൃത്തിയാക്കിയവ ചാക്കിലാക്കി എം സി എഫിൽ സൂക്ഷിച്ചിട്ടുണ്ട്. റിജക്റ്റഡ് മാലിന്യങ്ങൾ കെട്ടിടത്തിന്റെ മുൻവശത്ത് ചാക്കിലാക്കി വെച്ചിട്ടുണ്ട്. രണ്ടും കൂടി നാല് ടൺ മാലിന്യങ്ങളുണ്ട്. മാലിന്യങ്ങൾ കൈയൊഴിക്കുന്നതിന്22-23 വർഷത്തിൽ 'Orio, Kanchikode എന്ന സ്ഥാപനവുമായി കരാർ വെച്ചിട്ടുണ്ടെങ്കിലും തൻ വർഷത്തിൽ മാലിന്യങ്ങൾ കൈയൊഴിച്ചിട്ടില്ല. 2023-24 വർഷത്തെ സി എഫ് സി ഫണ്ട് ലഭിക്കാത്തതിനാലാണ് മാലിന്യങ്ങൾ ഒഴിവാക്കുവാൻ സാധിക്കാത്തത് എന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.



വില്പന നടത്താത്ത നല്ല പ്ലാസ്റ്റിക് മാലിന്യം



റിജക്റ്റഡ് മാലിന്യങ്ങൾ

ജൈവ മാലിന്യം പൂർണ്ണമായും ഉറവിടത്തിൽ ശാസ്ത്രീയമായി സംസ്കരിക്കൽ

പ്രോ.നം. 6/23 -മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ

അടങ്കൽ -₹2670300/- വികസന ഫണ്ട് (CFC)

ചെലവ് -₹386580/- (സാങ്ഷൻ ഓർഡർ നം. 474/29.2.2023)

ജൈവ മാലിന്യം പൂർണ്ണമായും ഉറവിടത്തിൽ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനു വേണ്ടി ഗ്രാമപഞ്ചായത്തിലെ വാർഡ് 7-ലുള്ള കുപ്പാണ്ടകൌണ്ടന്നൂർ എന്ന സ്ഥലത്ത് നിലവിലുള്ള

എം.സി.എഫിനു മുന്നിൽ 1.5 ടൺ കപ്പാസിറ്റിയുള്ള വിൻഡ്രോ കംപോസ്റ്റിംഗ് യൂണിറ്റ് നിർമ്മിക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. ഐ.ആർ.ടി.സി. തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരം കെട്ടിടം നിർമ്മിച്ച് ജൈവ മാലിന്യങ്ങൾ Bacteria Enriched Coir Pith Innoculam -ന്റെ സഹായത്തോടെ വിൻഡ്രോ കംപോസ്റ്റിംഗ് ടെക്നിക്ക് ഉപയോഗിച്ച് വളമാക്കി മാറ്റുന്നതിനാണ് പ്രൊജക്ട് ആവിഷ്കരിച്ചിട്ടുള്ളത്.

നിലവിൽ ജൈവ മാലിന്യ സംസ്കരണകേന്ദ്രത്തിന്റെ ഷീറ്റിട്ട മേൽപുര പൂർത്തീകരിച്ചിട്ടുണ്ട് . തറ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) എല്ലാ വാർഡുകളിലും മിനി എം സി എഫ് സ്ഥാപിക്കേണ്ടതാണ്

2) യൂസർഫീ നൽകാത്ത വീട്ടുടമകൾക്കെതിരെയും സ്ഥാപന ഉടമകൾക്കെതിരെയും ഗ്രാമപഞ്ചായത്ത് കർശന നടപടി സ്വീകരിക്കേണ്ടതാണ്.

3) വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന പുനരുപയോഗത്തിനു സാധിക്കാത്ത അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായും ശേഖരിക്കുന്ന മാലിന്യങ്ങൾ കയ്യൊഴിയുന്നതിനായും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 റോഡ് കണക്ടിവിറ്റി മാപ്പിംഗ് -പൂർത്തിയാക്കേണ്ടതാണ്

42/2023 -റോഡ് കണക്ടിവിറ്റി മാപ്പിംഗ്

അടങ്കൽ -₹11000/- (വികസന ഫണ്ട്-ജനറൽ)

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

റോഡ് കണക്ടിവിറ്റി മാപ്പിംഗ് എന്ന പ്രവൃത്തിക്ക് തുക വകയിരുത്തിയെങ്കിലും നടപ്പിലാക്കിയിട്ടില്ല. പ്രൊജക്ട് നാളിതു വരെ നടപ്പിലാക്കിയതിന്റെ വിവരവും നിലവിലെ സ്ഥിതിയും അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/14.9.2023ന് 2021-22 വർഷം 51000 രൂപ അടങ്കൽ തുക ഈ പദ്ധതിക്ക് വകയിരുത്തിയതും 40000രൂപ ചെലവഴിച്ചതുമാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. സോഫ്റ്റ്‌വെയറിൽ തെറ്റുതിരുത്തലുകൾ നടത്തുന്നതിനുള്ള സംവിധാനം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ പ്രവൃത്തികൾ നടത്തുവാൻ സാധിക്കുകയുള്ളൂ എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് റോഡ് കണക്ടിവിറ്റി മാപ്പിംഗ് പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്.

## 1-27 മേനോൻപാറ പുതിയ അങ്കണവാടി -പ്രവർത്തനക്ഷമമാക്കേണ്ടതാണ്

പ്രൊ.നം. 28/2023 – മേനോൻപാറ പുതിയ അംഗൻവാടി നിർമ്മാണം

അടങ്കൽ -₹1200000/- (CFC)

എഗ്രിമെന്റ് നം. 28/24.1.2022

കരാറുകാരൻ - ശ്രീ.വിനോദ്

പി.എ.സി : 989562.52

APAC : 989562.52

അളവു പുസ്തകം നം. 6/20-21, 21/2022, 234/22

ചെലവ് - ₹519158 (2021-22)

₹445202 (ബിൽ നം.22.6.2022)

₹143269 (ബിൽ നം.12/5.7.2022)

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

അംഗൻവാടി കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയിൽ 34.35 ച.മീ. വിസ്തീർണ്ണത്തിൽ ഹാൾ, അടുക്കള, സ്റ്റോർ റൂം, ടോയ്ലറ്റ് എന്നിവ അടങ്ങുന്ന കെട്ടിടം നിർമ്മിച്ച് റൂഫ് കോൺക്രീറ്റ് ചെയ്ത് ഇരുമ്പിന്റെ വാതിൽ., ജനൽ, തറയിൽ ടൈൽസ്, പെയിന്റിംഗ്, ടോയ്ലറ്റ്, വാട്ടർ ടാങ്ക് പിവിസി പൈപ്പ് ലൈനുകൾ എന്നിവ സ്ഥാപിക്കുന്നതിനാണ് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിരിക്കുന്നത്. കെട്ടിട നിർമ്മാണത്തിൽ വരുന്ന വ്യത്യാസം കാരണം 16.2.2022ലെ 3(1)-ാം നം. ഭരണ സമിതി തീരുമാനം പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നിട്ടുണ്ട്. എസ്റ്റിമേറ്റിലെ ഇലക്ട്രിഫിക്കേഷൻ വർക്കിന് വകയിരുത്തിയ 80000/- രൂപ എന്ന ഇനം ഒഴിവാക്കിയാണ് കരാറുകാരന് ഫൈനൽ ബിൽ നൽകിയിട്ടുള്ളത്. മേൽ ഇനങ്ങൾ നടപ്പിലാക്കി അംഗൻവാടി കെട്ടിട നിർമ്മാണ പ്രവൃത്തി മുഴുവനായി പൂർത്തിയാക്കിയതിന്റെയും, ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരവും നിലവിൽ പ്രവർത്തന ക്ഷമമാണോ എന്നുള്ള വിവരവും അറിയിക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/11.9.2023ന് സിവിൽ വർക്ക് മാത്രമാണ് ആദ്യ ഘട്ടത്തിൽ ടെണ്ടർ ചെയ്ത് പൂർത്തീകരിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഇലക്ട്രിക്കൽ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് ജില്ലാതല ഇലക്ട്രിക്കൽ കമ്മിറ്റി തയ്യാറാക്കി ടെണ്ടർ വിളിച്ച് 2023 ഏപ്രിൽ മാസത്തിൽ പൂർത്തീകരിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അങ്കണവാടി കെട്ടിടം പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-28 റോഡ് ടാറിംഗ് പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ പ്രോ.നം. 246/23 -ആട്ടയാമ്പതി റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല. പ്രവൃത്തിക്കായി ഉപയോഗിച്ച ബാരലുകളുടെ വില ₹ 2248/- (₹1904-കാലി ബാരൽ വില + ₹344-ജി.എസ്.ടി) കരാറുകാരനിൽ നിന്നും ഈടാക്കി ₹1904/- തനത് ഫണ്ടിലേക്ക് അടവാക്കുകയും, ജി.എസ്.ടി വിഹിതം ₹344/- ജി.എസ്.ടി ഹെഡിലേക്ക് അടവാക്കുകയും ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തുക ഈടാക്കി ബന്ധപ്പെട്ട ശീർഷകങ്ങളിലേക്ക് അടവാക്കേണ്ടതാണ്. ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ഓഡിറ്റ് അന്വേഷണം നം. 9/11.9.2023ന് തുക തിരിച്ചടച്ച് അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദ വിവരം ഭാഗം 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-29 ടേക്ക് എ ബ്രേക്ക് കേന്ദ്രം -പ്രവർത്തനക്ഷമമാക്കേണ്ടതാണ്

പ്രൊജക്റ്റ് നം. 29/23- ടേക്ക് എ ബ്രേക്ക് -വിശ്രമകേന്ദ്രം നിർമ്മിക്കൽ

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ - ₹700000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

₹300000 (കേന്ദ്രാവിഷ്കൃതം)

ആകെ ₹1000000

===========

(1) കെട്ടിട നിർമ്മാണം -ചെലവ് -₹519158 (2021-22)

₹366120 (2022-23) (ബിൽ നം. 22/17.10.2022)

₹199594 (2022-23) (ബിൽ നം. 8/29.6.2022)

₹210000 (2022-23) (വൌച്ചർ നം. 2220644/15.2.2023)

കരാറുകാരൻ -ശ്രീ.ചന്ദ്രൻ.സി.

എഗ്രിമെന്റ് നം. -48/19.2.2022

(2) 286/23- ടേക്ക് എ ബ്രേക്ക് പദ്ധതി പൂർത്തീകരണം

അടങ്കൽ -₹20794 -CFC

₹11162 -തനത് ഫണ്ട്

ആകെ ₹31956

=========

ചെലവ് -₹ 20794 (ബിൽ നം. 29/2.2.2023)

₹ 11162 (ചെക്ക് നം. 0139196/15.2.2023)

(3) 286/23 - ടേക്ക് എ ബ്രേക്ക് കെട്ടിടം -ഇലക്ട്രിഫിക്കേഷൻ

അടങ്കൽ -₹90000 -CFC

ഇലക്ട്രിഫിക്കേഷൻ ചെലവ് -Nil

24.5M2 വിസ്തീർണത്തിൽ 2 ടോയ്ലറ്റ്, ഡ്രെസ്സിംഗ് റൂം എന്നിവ ഉൾപ്പെടുന്ന കെട്ടിടം വേലന്താവളം ബസ് സ്റ്റാന്റ് പരിസരത്ത് നിർമ്മിക്കുന്നതിനാണ് പ്രൊജക്ട് പ്രകാരം തുക വകയിരുത്തിയിരിക്കുന്നത്.

സ.ഉ(കൈ)നം.39/2020/ത.സ്വ.ഭ.വ.,തിയതി, 20-2-2020, .സ.ഉ(കൈ)നം.45/2020/ത.സ്വ.ഭ.വ., തിയതി, 6-3-2020 എന്നിവ പ്രകാരം 'പൊതു ടോയ്ലറ്റുകളും വിശ്രമ കേന്ദ്രങ്ങളും 'പദ്ധതിയിലുൾപ്പെടുത്തി പൊതു ശുചിമുറികളുടെ നിർമ്മാണവും നവീകരണവും സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതു ശുചി മുറികളും 'ടേക്ക് എ ബ്രേക്ക് 'വിശ്രമകേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ദേശീയ-സംസ്ഥാന പാതയോരങ്ങളിലും, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യ കേന്ദ്രങ്ങൾ/ബസ് സ്റ്റാന്റ്/ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിലായി നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

സ.ഉ.(സാധാ) നം.1401/2020/തസ്വഭവ, തിയതി, 27-7-2020 പ്രകാരം 2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടിയിലുൾപ്പടുത്തി മേൽ പദ്ധതി നടത്തിപ്പിന് അധിക മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

29/23 നം. പ്രൊജക്ടിൽ ഇലക്ട്രിഫിക്കേഷന് വകയിരുത്തിയ ₹51500 ഒഴിവാക്കിയാണ് കരാറുകാരന് ഫൈനൽ ബിൽ നൽകിയിരിക്കുന്നത്. 286/23 - ടേക്ക് എ ബ്രേക്ക് കെട്ടിടം -ഇലക്ട്രിഫിക്കേഷൻ എന്ന പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിലുള്ള കുടുബശ്രീ മിഷൻ (സംരംഭ) യൂണിറ്റുകൾക്കാണ് നടത്തിപ്പ്/പരിപാലന ചുമതല നൽകേണ്ടത്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീ സംരംഭക ഗ്രൂപ്പുകളും തമ്മിൽ ശുചി മുറികളുടെ നടത്തിപ്പ്/പരിപാലനത്തിന് കരാറിൽ ഏർപ്പെടേണ്ടതാണ്.

പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/8.9.2023ന് ടേക്ക് എ ബ്രേക്ക് കെട്ടിടം നിർമ്മാണവും ഇലക്ട്രിഫിക്കേഷനും പൂർത്തീകരിച്ചു കഴിഞ്ഞതാണ് എന്നും സ്പിൽ ഓവർ സി.എഫ്.സി. ഫണ്ട് ലഭിക്കാത്തതിനാലാണ് ബിൽ എടുക്കാനോ കരാറുകാരന് തുക നൽകാനോ സാധിക്കാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. കെട്ടിടത്തിലേക്ക് വാട്ടർ

കണക്ഷൻ അനുവദിക്കുന്നതിന് 6.7.2023ലെ എസ്.സി.3-3/23 നം. കത്ത് പ്രകാരം വാട്ടർ അതോറിറ്റിയിലേക്ക് കത്ത് നൽകിയെങ്കിലും നാളിതുവരെ വാട്ടർ കണക്ഷൻ ലഭിച്ചിട്ടില്ല. വാട്ടർ കണക്ഷൻ ലഭ്യമായതിന് ശേഷം കുടുംബശ്രീ മിഷന് നടത്തിപ്പ് ചുമതല കൈമാറുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് 11.8.023ലെ (5) -ാം നം. തീരുമാന പ്രകാരം ഭരണ സമിതി തീരുമാനം എടുത്തിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ടേക്ക് എ ബ്രേക്ക് കേന്ദ്രം പ്രവർത്തനക്ഷമമാക്കിയിട്ടില്ല.




ടേക്ക് എ ബ്രേക്ക് കെട്ടിടം

ഓഡിറ്റ് നിർദ്ദേശം

*കെട്ടിടം പ്രവർത്തനസജ്ജമാക്കേണ്ടതാണ്.

*സ.ഉ.(സാധാ) നം.1401/2020/തസ്വഭവ, തിയതി, 27-7-2020 -ൽ നിർദ്ദേശിച്ച പ്രകാരം ശുചിമുറി സമുച്ചയങ്ങളുടെ തലം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നിശ്ചയിച്ച് തുടർ നടത്തിപ്പ് സാധ്യമാക്കേണ്ടതും പരിപാലന ചുമതല നൽകേണ്ടതുമാണ്.

ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി തുടർ നടപടി വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-30 എ.ഇ. ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ -ഇൻകം ടാക്സ് ഈടാക്കിയില്ല

പ്രൊജക്ട് നം. 37/23- എ.ഇ. ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ - ₹145180 MG(NR)

കരാറുകാരൻ -ശ്രീ.ചന്ദ്രൻ.സി.

എഗ്രിമെന്റ് നം. -2/19.11.2021

എ.ഇ. ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ എന്ന പ്രോജക്ട് പ്രകാരം സൌരിയാർ.സി, എരുമക്കാരനൂർ, കോഴിപ്പാറ എന്നയാളുടെ ടാറ്റാ സുമോ -KL-09Z-4840- എന്ന വാഹനം ₹17/Km നിരക്കിൽ വാടകയ്ക്ക് എടുത്തിട്ടുണ്ട്. വാഹന വാടക ഇനത്തിൽ താഴെ പറയുന്ന തുക 2022-23 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട് (അക്കൌണ്ട് നം.110013039441 -കനറാ ബാങ്ക്, ഐ.ഐ.റ്റി, പാലക്കാട്).

| ക്രമനം. | ട്രഷറി ബിൽ.നം./തിയതി | തുക ₹ |
|---|---|---|
| 1 | 4/18.5.2022 | 30005 |
| 2 | 5/1.6.2022 | 18360 |
| 3 | 9/9.7.2022 | 39355 |

| | | |
|---|---|---|
| 4 | 15/1.8.2022 | 38760 |
| 5 | 17/7.9.2022 | 18700 |
| 6 | 26/19.1.2023 | 16235 |
| 7 | 27/19.1.2023 | 30000 |
| 8 | 35/22.2.2023 | 30000 |
| 9 | 46/14.3.2023 | 30000 |
| 10 | 70/28.3.2023 | 30000 |
| | ആകെ | 281415 |

എന്നാൽ ഇൻകം ടാക്സ് ആക്റ്റ് സെക്ഷൻ 194 (സി) പ്രകാരം ഈടാക്കേണ്ട ഇൻകം ടാക്സ് ഈടാക്കി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/11.9.2023ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഔദ്യോഗികാവശ്യത്തിന് വാഹനം വാടകക്ക് എടുത്തതിന് ഇൻകം ടാക്സ് ഇനത്തിൽ കുറവ് വരുത്താതെ മാർച്ച് 2023വരെ പേയ്മെന്റ് നൽകിയിരുന്നു. തുടർന്ന് ഇക്കാര്യം ശ്രദ്ധയിൽ വന്നതുകൊണ്ട് ഏപ്രിൽ മുതലുള്ള ബില്ലിൽ നിന്നും തുക കുറവ് ചെയ്യുന്നു എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

*കരാർ പ്രവൃത്തികളിൽ കരാറുകാരന് തുക നൽകുമ്പോൾ നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-31 മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമാക്കേണ്ടതാണ്

പ്രോ.നം. 6/23 -മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ

അടങ്കൽ -₹2670300/- വികസന ഫണ്ട് (CFC)

ചെലവ് -₹386580/- (സാങ്ഷൻ ഓർഡർ നം. 474/29.2.2023)

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ -ശ്രീ.വിനോദ്.എസ്.

എഗ്രിമെന്റ് നം. -50/17.2.2023

ഇ-എം.ബുക്ക് നം. -110725/2022

വാർഡ് 7ലുള്ള കുപ്പാണ്ടകൌണ്ടന്നൂർ എന്ന സ്ഥലത്ത് നിലവിലുള്ള MCF-നു മുന്നിൽ 1.5 ടൺ കപ്പാസിറ്റിയുള്ള ഒരു വിൻഡ്രോ കംപോസ്റ്റിംഗ് യൂണിറ്റ് നിർമ്മിക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. ജൈവമാലിന്യങ്ങൾ Bacteria Enriched Coir Pith Inoculam -ന്റെ സഹായത്തോടെ വളമാക്കി മാറ്റുന്നതിനുള്ള സാങ്കേതിക വിദ്യയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിരിക്കുന്നത് IRTC -യാണ്. . മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിലവിലെ സ്ഥിതി, പ്രവർത്തനക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/12.9.2023, 16/12.9.2023 എന്നിവയ്ക്ക് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി റൂഫിംഗ് വരെ പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം കഴിഞ്ഞാലുടൻ ടി പ്ലാന്റിലേക്ക് IRTC മുഖേന മെഷീനറികൾ സ്ഥാപിക്കുന്നതിന് 2023-24 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് നം.136/24 ആവിഷ്കരിച്ചിട്ടുണ്ട് എന്നും പ്രാഥമിക ഘട്ടത്തിൽ വേലന്താവളം പച്ചക്കറി മാർക്കറ്റ്, കടകൾ എന്നിവിടങ്ങളിൽ നിന്നും പ്രതിദിനം ലഭിക്കുമെന്ന് കരുതുന്ന ഏകദേശം അര ടൺ ജൈവമാലിന്യം ശേഖരിച്ച് പ്രൊസസിംഗ് ചെയ്ത് ജൈവവളമാക്കി മാറ്റി വിൽപ്പന നടത്താൻ ഉദ്ദേശിച്ചാണ് പ്രോജക്ട് വിഭാവനം ചെയ്തത് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ

സ്വീകരിച്ച് മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് ടാറിംഗ് പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല.

| ക്രമനം. | പ്രവൃത്തി, അളവു പുസ്തകം | ബിൽ നം., തിയതി തുക (രൂപ) | ടാറിന്റെ ഇനം, ഉപയോഗിച്ച അളവ് (Kg) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1 | So. -246/23 -ആട്ടയാമ്പതി റോഡ് നിർമ്മാണം<br>അടങ്കൽ - 200000 Plan (Gen)<br>കരാറുകാരൻ - ശ്രീ. ബാബു.സി.<br>എഗ്രിമെന്റ് നം.:27/23.1.2023<br>ഇ-അളവു പുസ്തകം - 107334/2022 | ബിൽ നം. 54/22.3.2023<br>ചെലവ്: - 199975 | RS1- 126.23<br>VG 30 – 1132.50 | 0.63<br>7.26<br>8 Barrel |
| | ബാരലിന്റെ വില - 8x281 = ₹2248 (1904 + 344 – GST) | | | |
| | ആകെ ബാരലിന്റെ വില = ₹2248 (1904+344 -GST) | | | |

പ്രവൃത്തിക്കായി ഉപയോഗിച്ച ബാരലുകളുടെ വില ₹ 2248/- (₹1904-കാലി ബാരൽ വില + ₹344- ജി.എസ്.ടി) കരാറുകാരനിൽ നിന്നും ഈടാക്കി ₹1904/- തനത് ഫണ്ടിലേക്ക് അടവാക്കുകയും, ജി.എസ്.ടി വിഹിതം ₹344/- ജി.എസ്.ടി ഹെഡിലേക്ക് അടവാക്കുകയും ചെയ്യേണ്ടതാണ്.

അല്ലാത്തപക്ഷം നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തുക ഈടാക്കി ബന്ധപ്പെട്ട ശീർഷകങ്ങളിലേക്ക് അടവാക്കേണ്ടതാണ്. ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം. 9/11.9.2023ന് തുക തിരിച്ചടച്ച് അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. രേഖകൾ ലഭ്യമാകാത്ത പക്ഷം തുക ഈടാക്കുവാൻ സർചാർജ് നടപടി സ്വീകരിക്കുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 4-09-2023 മുതൽ 14-09-2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്,ചിറ്റൂർ | 2022-23 | 225000 | നെൽകൃഷി വികസനം | 225000 | 0 |
| | 2022-23 | 199967 | പെയിൻ &പാലിയേറ്റീവ് | 199967 | 0 |
| | 2022-23 | 886020 | ലൈഫ് മിഷൻ (ജനറൽ)- | 886020 | 0 |
| | 2022-23 | 800000 | ലൈഫ് മിഷൻ (എസ്.സി)- | 800000 | 0 |
| | 2022-23 | 1260000 | ലൈഫ് മിഷന്( Spill Over | 1260000 | 0 |
| | 2022-23 | 18,20000 | ലൈഫ് മിഷൻ (ടി.എസ്.പി)- | 18,20000 | 0 |
| | - | *874247 | ലൈഫ് മിഷൻ | 0 | 874247 |
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | 2022-23 | 312741 | നെൽകൃഷി വികസനം | 312741 | 0 |
| | 2022-23 | 160000 | ലൈഫ് മിഷൻ (എസ്.സി)- | 160000 | 0 |
| | 2022-23 | 100000 | Icds-scholar | 100000 | 0 |
| | - | **4561032 | ലൈഫ് മിഷൻ | 0 | 4561032 |

*874247 മുൻ വർഷങ്ങളിൽ ലൈഫ് മിഷൻ വേണ്ടി ലഭിച്ച തുക
**4561032 മുൻ വർഷങ്ങളിൽ ലൈഫ് മിഷൻ വേണ്ടി ലഭിച്ച തുക

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | റിമാർക്സ് |
|---|---|---|---|---|
| KSEB, വേലന്താവളം | മണിയക്കാരൻചള്ള സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 50/17.03.23 | 200000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| KSEB, വേലന്താവളം | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | XVFC/2022-23 /P/37-23.3.2023 | 1715932 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ - ലൈഫ് പദ്ധതി | - | 65600000 | 54760000 | 5621184 | - | 49,138,816 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 19038/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2000-01&2001-02 | 2-2 | 938 | കരാറുകാരൻ | 1220102116/18-11-2022 |
| 2000-01&2001-02 | 3-3 | 1525 | കരാറുകാരൻ | 1220102117/18-11-2022 |
| 2000-01&2001-02 | 2-4 | 1647 | കരാറുകാരൻ | 1220102118/18-11-2022 |
| 2000-01&2001-02 | 2-8 | 528 | കരാറുകാരൻ | 1220102119/13-12-2022 |
| 2013-14& 2014-15 | 2-2 | 9000 | പമ്പ് ഓപ്പറേറ്റർ | 1220102747/18-11-2022 |
| 2013-14& 2014-15 | 2-2 | 720 | പമ്പ് ഓപ്പറേറ്റർ | 1220103464/09-02-23 |

| | | | | |
|---|---|---|---|---|
| 2013-14& 2014-15 | 2-2 | 720 | പമ്പ് ഓപ്പറേറ്റർ | 1220103476/09-02-23 |
| 2013-14& 2014-15 | 2-2 | 720 | പമ്പ് ഓപ്പറേറ്റർ | 1220103477/09-02-23 |
| 2013-14& 2014-15 | 2-2 | 360 | പമ്പ് ഓപ്പറേറ്റർ | 1220103478/09-02-23 |
| 2013-14& 2014-15 | 2-2 | 360 | പമ്പ് ഓപ്പറേറ്റർ | 1220103479/09-02-23 |
| 2013-14& 2014-15 | 2-2 | 720 | പമ്പ് ഓപ്പറേറ്റർ | 1220103480/09-02-23 |
| 2013-14& 2014-15 | 2-2 | 720 | പമ്പ് ഓപ്പറേറ്റർ | 1220103481/09-02-23 |
| 2013-14& 2014-15 | 2-2 | 360 | പമ്പ് ഓപ്പറേറ്റർ | 1220103482/09-02-23 |
| 2013-14& 2014-15 | 2-2 | 720 | പമ്പ് ഓപ്പറേറ്റർ | 1220103483/09-02-23 |
| ആകെ | | | 19038/- | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-2 | 2009-10 | 3.7.4.1 | റഗുലേറ്റഡ് മാർക്കറ്റ്- പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചില്ല | സമിതി വിഷയം പരിഗണിച്ചു. |
| 2014-15 | 2-4 | 2016-17 | അനുബന്ധം -5 | തൊഴിൽ നികുതി | സമിതി വിഷയം പരിഗണിച്ചിട്ടില്ല. |
| 2015-16 | 2-6 | 2017-18 | 2.6.x | ത.ദ്ദേ.ശ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ | സമിതി വിഷയം പരിഗണിച്ചിട്ടില്ല. |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 15569406 |
| ഓഡിറ്റ് വർഷത്തെ വരവ് | 45500677 |
| ആകെ | 61070083 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 45666171 |
| നീക്കിയിരിപ്പ് | 15403912 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹2248 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | --- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2248 (1904+344-GST) | സേതു.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 2248 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല.

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖ.3-1 -₹344/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| സേതു.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വടകരപ്പതി ഗ്രാമപഞ്ചായത്ത് | മണപ്പുള്ളി വീട്, ചുള്ളിമട, കഞ്ചിക്കോട്, പാലക്കാട്- 678621 |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം |
|---|---|---|
| 1999-00 | കെ.എസ്.എ-പി.കെ.ഡി 11/1898/2022/18.11.2022 (ഓഡിറ്റ് അദാലത്ത്) | 0 |
| 2000-01 (പദ്ധതിഒഴികെ) | ടി | 0 |
| 2001-02 (പദ്ധതിഒഴികെ) | ടി | 0 |
| 2000-01 & 2001-02 (പദ്ധതി) | ടി | 2-1,3-3,3-4 |
| 2002-03 (പദ്ധതിഒഴികെ) | ടി | 0 |
| 2002-03(പദ്ധതി) | ടി | 2-3,2-4 |
| 2003-04(വരവ്) | ടി | 0 |
| 2003-04(ചെലവ്) | ടി | 2-5 |
| 2004-05 (വരവ്) | ടി | 0 |
| 2004-05(ചെലവ്) | ടി | 2-4,2-11 |
| 2005-06 | ടി | 3-5 |
| 2006-07 | ടി | 3-1 A |
| 2007-08 | ടി | 3-1,3-2 |
| 2008-09, 2009-10 & 2010-11 | ടി | 3-1,3-5,3-6,3-10 |

| | | |
|---|---|---|
| 2011-12 | കെ.എസ്.എ.പി.കെ.ഡി.11/1865 /17/18.1.18 | 4 |
| 2012-13 | കെ.എസ്.എ.പി.കെ.ഡി.11/ 539/2018/21.3.18 | 9 |
| 2013-14 To 2014-15 | കെ.എസ്.എ.പി.കെ.ഡി.11/ 1273/2018/30.8.2018 | 5 |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.11/ 961/2018/7.6.18 | 3 |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.11/ 960/18/7.6.18 | 10 |
| 2017-18 | കെ.എസ്.എ.പി.കെ.ഡി.11/ 2391/18/5.2.19 | 11 |
| 2018-19 | കെ.എസ്.എ-പികെഡി- 11-1225/2019/31.10.2019 | 9 |
| 2019-20 | കെ എസ് എ പി കെ ഡി -11/1424/2021/27.11.202 | 8 |
| 2020 - 21 | കെ എസ് എ പി കെ ഡി-11/1425/21/8.12.21 | 17 |
| 2021-22 | കെ എസ് എ പി കെ ഡി-11/212 /23/13-02-23 | 44 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 26-07-2023 and submitted on 27-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Vadakarapathy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vadakarapathy Grama Panchayat for the year 2022-2023

Date: 04/11/2023

Deputy Director
District Office Palakkad
Kerala State Audit Department

## Audit Report appended to the Audit Certificate of Vadakarapathy Grama Panchayat for the Year 2022-2023.

**1.Major Observations**

Audit Report appended to the Audit Certificate of Vadakarapathy Grama Panchayat for the Year 2022-2023.

1.Major Observations

1) The mandatory financial statements such as Ratios and Notes to accounts prescribed in the accounting rules are not submitted for audit.

**2.Other Observations**

1) Amount deposited with KWA towards deposit works in previous years remains as unadjusted amount

as per Balance Sheet Schedule B-18 despite direction given in previous year to adjust the same.

2) Amount deposited to KSEB towards deposit works and unadjusted as on 31.03.23 are not included in the B18 schedule of Balance sheet.

3) UA&MSME registers not maintained properly.

4) Cashflow statement- Net increase /decrease in cashflow not in accordance with the difference between the opening balance and closing balance of cash and cash equivalents.

5) Amount remaining unspent as per balance sheet schedule B4 is not traceable to Schedule B-17.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വാർഷിക ധനകാര്യ പത്രിക-പത്രികകൾ-സംക്ഷിപ്തം

| Vadakarapathy Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 15324573.00 |
| Cash | Cash | RP-40(a) | 244833.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1149359.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 464708.00 |
| 150000000 | Sale & Hire Charges | RP-5 | 186212.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 13307260.00 |
| 171000000 | Interest Earned | RP-9 | 206065.00 |
| 190000000 | Prior Period Income | RP-11 | 74186.00 |
| 210000000 | Establishment Expenses | RP-12 | 8846.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 17543390.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 11621344.00 |
| 460000000 | Loans, Advances and Deposits | RP-49 | 8000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 37618.00 |
| 340000000 | Deposits Received | RP-33 | 245971.00 |
| 350000000 | Other Liabilities | RP-35 | 647718.00 |
| | Grand total | | 61070083.00 |
| | PAYMENTS | | |
| | Operating | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 170059.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 9058151.00 |
| 460000000 | Loans, Advances and Deposits | RP-49 | 2375197.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 142663.00 |
| 350000000 | Other Liabilities | RP-35 | 33920101.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 15307958.00 |
| Cash | Cash | RP-40(b) | 95954.00 |
| Grand Total | 61070083.00 | | |

| Vadakarapathy Grama Panchayat INCOME & EXPENDITURE STATEMENT |
|---|

| For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6254456.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 43510.00 |
| 140000000 | Fee & User Charges | I-4 | 779058.00 |
| 150000000 | Sale & Hire Charges | I-5 | 186212.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 162752896.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 206065.00 |
| 180000000 | Other Income | I-9 | 37618.00 |
| 190000000 | Prior Period Income | I-19 | 32212.00 |
| | Total Income | | 170259815.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12736234.00 |
| 220000000 | Administrative Expenses | I-11 | 1422488.00 |
| 230000000 | Operations & Maintenance | I-12 | 2338334.00 |
| 240000000 | Interest & Finance Charges | I-13 | 4677.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9677569.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 41335223.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 14623551.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 41076345.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 46297800.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 2686509.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 0.0 |
| | Total Expenditure | | 172198730.00 |
| | Gross Surplus / Deficit of income over Expenditure | | -1938915.00 |
| | Gross Surplus / Deficit of income over Expenditure | | -1971127.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 0.0 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 32212.00 |

Vadakarapathy Grama Panchayat BALANCE SHEET

as on 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 34942935.05 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 135231351.00 |
| | Total Reserve & Surplus | | 170174286.05 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 10400667.00 |
| | Total Grants, Contributions for Specific Purposes | | 10400667.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 49138816.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 49138816.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 2085869.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1821875.95 |

| | | | |
|---|---|---|---|
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 3907744.95 |
| | TOTAL LIABILITIES | | 233621514.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 1528398.00 |
| 412000000 | Capital Work in Progress | B-11(b) | 787529.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 0.0 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 30295860.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 116188919.00 |
| 416000000 | Accumulated Depreciation | B-11(a) | -4654200.00 |
| | Total Fixed Assets | | 144146506.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 16963741.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 48358816.00 |
| 450000000 | Cash and Bank Balance | B-17 | 15403912.00 |
| 460000000 | Loans, Advances and Deposits | B-18 | 8748539.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 89475008.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 233621514.00 |

DEPUTY DIRECTOR